**നിയമനിർമ്മാണകാര്യം:**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും:

വന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സംസാരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇല്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ സഭയിൽ അവതരിപ്പിച്ചത് നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. അദ്ദേഹത്തിന്റെ സദുദ്ദേശ്യത്തെ ഇവിടെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ഈ ബില്ലിലെ ചില

ന്യൂനതകളും അപകാതകളും സബ്ജക്ട് കമ്മിറ്റിയിൽ ചൂണ്ടിക്കാണിച്ചിരുന്നു. നമ്മുടെ എല്ലാവരുടെയും ജീവിതത്തിലെ ലക്ഷ്യം എന്നുപറയുന്നത് സ്വന്തമായി ഒരു തുണ്ട് ഭൂമിയുണ്ടാകുക, ആ ഭൂമിയിൽ സ്വന്തമായി ഒരു ഭവനമുണ്ടാകുക, ആ ഭവനത്തിൽ കുടുംബത്തോടൊപ്പം താമസിക്കുക എന്നതാണ്. അതാണ് നമ്മുടെ എല്ലാവരുടെയും ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹം. ആ ഭൂമിയും വീടും പണയം വച്ച് അവസാനം വീടും പറമ്പും ഇല്ലാതാക്കുമ്പോൾ ഓരോരുത്തർക്കുമുണ്ടാകുന്ന സങ്കടം നമ്മൾ എല്ലാവരും മനസ്സിലാക്കേണ്ടതാണ്. അത്തരം ആളുകളെ സഹായിക്കുന്നതിനുവേണ്ടിയാണ് ഈ നിയമമെങ്കിൽ തീർച്ചയായും ആ നിയമത്തിലെ അപാകതകളും ന്യൂനതകളും പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി താൽപ്പര്യം കാണിക്കുമെന്നാണ് ഞങ്ങളുടെയൊക്കെ പ്രതീക്ഷ.

ബോട്ട്-ഇൻ-ലാൻഡ് ആയി സർക്കാർ കൈവശം വച്ചിരിക്കുന്ന അല്ലെങ്കിൽ വകുപ്പ് 71 പ്രകാരം നോട്ടിഫൈ ചെയ്യപ്പെട്ട സ്ഥാപനങ്ങൾ കൈവശം വച്ചിരിക്കുന്ന ഭൂമിയിന്മേൽ വായ്പ എടുത്ത വ്യക്തി അഞ്ചു വർഷത്തിനുള്ളിൽ മരണപ്പെട്ടാൽ ടിയാന്റെ അവകാശികൾക്ക് ടി വസ്തു

നിയമാനുസൃതം തിരികെ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ് എന്നതാണ് ഒരു നിർദേശം. മറ്റൊന്ന്, ഭൂരഹിതനായ കുടിശ്ശികക്കാരന് ബോട്ട്-ഇൻ-ലാൻഡ് ആയി സർക്കാർ ഏറ്റെടുത്ത വസ്തുവിന്മേലുള്ള കുടിശ്ശിക പൂർണ്ണമായും അഞ്ച് വർഷത്തിനുള്ളിൽ ഒടുക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ, അയാൾ അപേക്ഷിക്കുന്നപക്ഷം ടി കാലയളവിനുള്ളിൽ അയാൾ ഒടുക്കിയ തുകയ്ക്ക് ആനുപാതികമായ വസ്തു മടക്കിനൽകുവാൻകൂടി വ്യവസ്ഥ ചെയ്യാവുന്നതാണ്. 5 ലക്ഷം രൂപ വരെയുള്ള കുടിശ്ശികയ്ക്ക് ഗ്രാമങ്ങളിൽ ഒരേക്കറും നഗരത്തിൽ 50 സെന്റും വരെയുള്ള കൃഷി ഭൂമികളെ ജപ്തിയിൽനിന്നും ഒഴിവാക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ് എന്നുള്ളതാണ് മറ്റൊരു നിർദേശം. കുടിശ്ശികക്കാരന്റെ ജപ്തി ചെയ്യേണ്ടുന്ന വസ്തു ആളുടെ ഏക കിടപ്പാടവും ആയത് 1000 ചതുരശ്ര അടിയിൽ കുറവുമാണെങ്കിൽ ജപ്തി പാടില്ലെന്ന വ്യവസ്ഥയും ഉൾപ്പെടുത്തേണ്ടതാണ്. മറ്റൊന്ന്, ചെറുകിട കച്ചവടക്കാരുടെയും ചെറുകിട കർഷകരുടെയും സ്ഥാപനങ്ങളെയും കൃഷി ഭൂമിയെയും ജപ്തിയിൽ നിന്നും

ഒഴിവാക്കി പകരം സംവിധാനങ്ങൾ കൊണ്ടുവരുന്നതിനുള്ള വ്യവസ്ഥകൾകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നതാണ് മറ്റൊരു നിർദേശം.

ബില്ലിലെ ക്ലോസ് 5 (3) -ൽ പറയുന്നത്, ' The defaulter may request the collector to limit the attachment on a portion of the immovable property attached, if it is found that the total amount of the fair value and the value of improvements in it exceeds the arrear amount.....'എന്നാണ്. ' fair value' എന്നത് "market value" എന്നാക്കി മാറ്റുന്നത് ഉചിതമല്ലേയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണമെന്നാണ് ഒരു റിക്വസ്റ്റ്. ഇപ്പോൾ ഇവിടെ നിയമം പാസ്സാക്കുന്നു, മന്ത്രിമാർ അതീവ താൽപ്പര്യമെടുത്താണ് നിയമം പാസ്സാക്കുന്നത്. ആ നിയമം പ്രാവർത്തികമാക്കേണ്ടത് താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരാണ്. ഇപ്പോൾ വില്ലേജ് ഓഫീസുകളിലെയും താലൂക്ക് ഓഫീസുകളിലെയും സ്ഥിതി പരിതാപകരമാണെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നു. വില്ലേജ് ഓഫീസുകളിൽ ഒരു മണിക്കൂർകൊണ്ട് ചെയ്തുകിട്ടേണ്ട കടലാസുകൾ രണ്ട് മാസം കഴിഞ്ഞും ലഭിക്കുന്നില്ല. താലൂക്ക് ഓഫീസുകളിൽ ഒരു ദിവസം കൊണ്ട്

ചെയ്യുകിട്ടേണ്ട കാര്യങ്ങൾ ഒരു വർഷമായിട്ടും ചെയ്യുകിട്ടുന്നില്ല. ഞാൻ എല്ലാം ഉദ്യോഗസ്ഥരെയും കുറ്റപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും സ്റ്റാഫില്ലാത്ത കുറവുണ്ട്. വില്ലേജോഫീസുകളിലും താലൂക്കോഫീസുകളിലും കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങൾ ഇല്ലാത്ത പോരായ്മകളുണ്ട്. അതെല്ലാം പരിഹരിക്കണം. സർക്കാർ ഓഫീസുകളിൽ ഒരു ഉദ്യോഗസ്ഥന്റെ മുമ്പിൽ കിടക്കുന്ന ഫയലുകൾ സാധാരണക്കാരന്റെ ജീവിതമെന്നാണ് മുഖ്യമന്ത്രിയടക്കം നമ്മളെല്ലാവരും പറയുന്നത്. പക്ഷേ അവർക്ക് മയങ്ങാനുള്ള മെത്തയായിട്ടാണ് ആ ഫയലുകളെ ഇന്ന് ചില ഉദ്യോഗസ്ഥർ കാണുന്നത്. ഈയൊരു അവസ്ഥയ്ക്ക് അറുതിയുണ്ടാക്കാൻ മന്ത്രി താൽപ്പര്യമെടുക്കണം. വളരെ സദുദ്ദേശ്യത്തോടുകൂടിയാണ് അങ്ങ് ഇപ്പോൾ ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ആ സദുദ്ദേശ്യം നടപ്പിലാകണമെങ്കിൽ, ഈ ബിൽ സാധാരണക്കാർക്ക് അനുഭവവേദ്യമാകണമെങ്കിൽ തീർച്ചയായും വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും അതിനാവശ്യമായ സംവിധാനങ്ങളും സജ്ജീകരണങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. ഞാൻ ഇവിടെ മുന്നോട്ടുവച്ച നിർദേശങ്ങൾകൂടി അങ്ങ്

കണക്കിലെടുത്തുകൊണ്ട് ഒരു ഭേദഗതി ഈ ബില്ലിൽ ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, റവന്യൂ റിക്കവറി കേസുകളിൽ സ്റ്റേ അനുവദിക്കുന്നതിനും കുടിശ്ശിക തവണകളാക്കി സാവകാശം നൽകുന്നതിനും നികുതി കുടിശ്ശികയുടെ പലിശ പന്ത്രണ്ട് ശതമാനത്തിൽനിന്ന് ഒൻപത് ശതമാനമായി കുറയ്ക്കുന്നതിനും ലേലത്തിലെടുക്കാൻ ആളില്ലാതെ വരുന്ന സാഹചര്യത്തിൽ ബോട്ട്-ഇൻ-ലാൻഡ് ആയി എടുക്കുന്ന വസ്തു തിരികെ നൽകുന്നത് സംബന്ധിച്ച പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമുള്ള 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബില്ലിലെ വ്യവസ്ഥകൾ പൊതുവെ സ്വാഗതാർഹമാണ്. കുടിശ്ശിക വരുത്തുന്നത് മന:പൂർവ്വമല്ല. സാധാരണക്കാരായ മനുഷ്യന്റെ ജീവിത പ്രയാസങ്ങളിൽ നിന്നാണ് കുടിശ്ശിക വരുന്നത്. കോവിഡും പ്രളയവുമെല്ലാം പ്രതിസന്ധിയിലാക്കിയ സാധാരണക്കാരുടെ ജീവിതത്തോട് മാനുഷികമായ സമീപനമാണ് ഉണ്ടാകേണ്ടത്. അവർക്ക് ആശ്വാസം പകരേണ്ട നടപടികളാണ് ഭരണാധികാരികൾ സ്വീകരിക്കേണ്ടത്. റവന്യൂ റിക്കവറി

സംബന്ധിച്ച നടപടിക്രമങ്ങളിൽ ഇളവ് നൽകുന്നതിനോടൊപ്പം കുടിശ്ശികക്കാർക്ക് ആശ്വാസം പകരേണ്ട ചില വ്യവസ്ഥകൾകൂടി ബില്ലിൽ ഉൾപ്പെടുത്താത്തതിനാലാണ് വിയോജിപ്പ് രേഖപ്പെടുത്തുന്നത്. സേവനങ്ങൾ സ്മാർട്ടാകുന്നില്ല. പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭിക്കുന്നില്ല. സംസ്ഥാനത്ത് LRM (Land Records Maintenance) സംബന്ധിച്ച് ലക്ഷക്കണക്കിന് പരാതികളാണ് തീർപ്പാക്കാനുള്ളത്. സർവേയർമാരുടെ കുറവ് പരിഹരിച്ചാൽ മാത്രമെ ഇത് തീർപ്പാക്കാനാകുകയുള്ളൂ. വീട് വയ്ക്കുന്നതിനും പുതുക്കി പണിയുന്നതിനും മറ്റ് ആവശ്യങ്ങൾക്കും വായ്പയെടുക്കാനാവാതെ നിരവധി പേരാണ് പ്രതിസന്ധിയിലായിരിക്കുന്നത്. ഇത് അടിയന്തരമായി പരിഹരിക്കണം. സംസ്ഥാനത്തെ രണ്ട് ലക്ഷത്തി എഴുപത്തി അയ്യായിരത്തിലധികം അപേക്ഷകളാണ് ഭൂമി തരംമാറ്റത്തിനായി തീർപ്പാക്കാനുള്ളത്. ഭൂമി തരംമാറ്റം അപേക്ഷകൾ തീർപ്പാക്കുന്നതിന് നിയമത്തിലോ ചട്ടത്തിലോ സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ സമയബന്ധിതമായി തീർപ്പാക്കേണ്ടതില്ലെന്നാണ് വകുപ്പിന്റെ നിലപാട്. ' Operation Conversion' എന്ന പേരിൽ സംസ്ഥാനത്തെ റവന്യൂ

ഡിവിഷണൽ ഓഫീസുകളിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനകളിൽ ഗുരുതരമായ ക്രമക്കേടുകളാണ് കണ്ടെത്തിയത്. ഭൂമി തരംമാറ്റത്തിന് സ്വകാര്യ ഏജൻസികളുടെ ഇടപെടലും ക്രമക്കേടുകളുമാണ് പരിശോധനയിൽ വെളിവായത്. ചില സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും സംസ്ഥാന വ്യാപകമായി പരസ്യം ചെയ്ത് റവന്യൂ-കൃഷി വകുപ്പ് ഉദ്യോഗസ്ഥരെ സ്വാധീനിച്ചാണ് തട്ടിപ്പ് നടത്തുന്നത്. പത്ത് മുതൽ അൻപത് സെന്റുവരെ ഭൂമി തരംമാറ്റുന്നതിന് മൂന്ന് ലക്ഷം രൂപ വരെ ഫീസായി ഈടാക്കുന്നുണ്ടെന്നാണ് പരിശോധനയിൽ കണ്ടെത്തിയത്. സ്വകാര്യ ഏജൻസികളും വിരമിച്ച ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു വലിയ ലോബി ഇതിന്റെ പിന്നിലുണ്ടെന്നാണ് വിജിലൻസിന്റെ കണ്ടെത്തൽ. വകുപ്പിന്റെ നിഷ്ക്രിയത്വം ചിലർക്ക് ചാകരയായിരിക്കുകയാണ്. സംസ്ഥാനത്തിന്റെ നെൽവയൽ വിസ്തൃതി ഓരോ വർഷവും താഴേയ്ക്കാണെന്നാണ് സർക്കാരിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ 7.6 ശതമാനം മാത്രമാണ് ഇപ്പോൾ നെൽകൃഷിയുള്ളത്. നിയമപരമായി നികത്താൻ അനുമതി നൽകുമ്പോഴും ജാഗ്രത വേണമെന്നാണ് ഈ കണക്കുകൾ

ഓർമ്മിപ്പിക്കുന്നത്. പട്ടയത്തിനായി സംസ്ഥാനത്ത് 111539 പേരാണ് അപേക്ഷ നൽകി കാത്തിരിക്കുന്നത്. മലയോര പട്ടയത്തിനായി 37311 അപേക്ഷകരും രണ്ടാം എൽ.ഡി.എഫ്. മന്ത്രിസഭ മൂന്ന് വർഷം പിന്നിടുമ്പോൾ 153103 കുടുംബങ്ങൾക്ക് പട്ടയം നൽകിയെന്നുമാണ് അവകാശപ്പെടുന്നത്. അതിൽ ഭൂപതിവ് നിയമപ്രകാരം വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങൾ എണ്ണത്തിൽ വളരെ കുറവാണ്. പട്ടയം മിഷനും പട്ടയ ഡാഷ്ബോർഡും വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമി സംബന്ധിച്ച പട്ടയം മിഷന്റെ കൈമാറ്റവും വിതരണവും വേഗത്തിലാക്കുന്ന അപ്പെക്സ് ബോഡിയായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ റവന്യൂ, വനം, തദ്ദേശസ്വയംഭരണം, നിയമം, ജലവിഭവം, വൈദ്യുതി, പട്ടികജാതി-പട്ടികവർഗ്ഗം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരെ ഉൾപ്പെടുത്തിയുള്ള സമിതിയും പ്രവർത്തിക്കുന്നുണ്ട്. റീ-ഇൻവെസ്റ്റ് ചെയ്യേണ്ട കേസുകളിൽ ഫീൽഡ് ഡിപ്പാർട്ടുമെന്റുകളിൽനിന്ന് അനുകൂല റിപ്പോർട്ട് ലഭിച്ചാൽ പോലും സർക്കാർ അനങ്ങാപ്പാറ നയമാണ് സ്വീകരിക്കുന്നതെന്നതാണ് അനുഭവം. ചാലക്കുടിയിലെ പരിയാരത്ത് 30 കൊല്ലത്തിലേറെയായി കനാൽ പുറമ്പോക്കിൽ താമസിക്കുന്ന ശ്രീമതി ആനി

ഡേവിസും ശ്രീമതി ജോജി പോളച്ചായനും പട്ടയത്തിനായി മുട്ടാത്ത വാതിലുകളില്ല. ബഹുമാനപ്പെട്ട മന്ത്രിക്കും ഇത് അറിയാവുന്നതാണ്. നവകേരള സദസ്സിൽ ഉൾപ്പെടെ നിരവധി വേദികളിൽ ഈ ആവശ്യം ഉന്നയിച്ചിട്ടുമുണ്ട്. ഇറിഗേഷൻ ചീഫ് എഞ്ചിനീയർ അനുകൂല റിപ്പോർട്ട് നൽകിയിട്ടും സെക്രട്ടേറിയറ്റിലെ ചുവപ്പ് നാടയിൽ കുടുങ്ങിക്കിടക്കുകയാണ് അവരുടെ ജീവിതം. ഇവർക്കും ആത്മസംതൃപ്തിയുള്ള നിറഞ്ഞ ചിരികൾ സമ്മാനിക്കേണ്ടതല്ലേ? ഭൂരേഖ സംബന്ധിച്ചുള്ള ആവശ്യങ്ങൾക്കായി സംസ്ഥാനത്തെ റവന്യൂ ഓഫീസുകളിൽ പതിവായി കയറിയിറങ്ങുന്നത് ആയിരങ്ങളാണ്. ഇവരിൽ പലർക്കും പറയാനുള്ളതാകട്ടെ ചുവപ്പ് നാടയുടെയും നിരാശയുടെയും സമയനഷ്ടത്തിന്റെയും സങ്കട കഥകളുമാണ്. ജനജീവിതവുമായി ബന്ധപ്പെട്ട ലക്ഷക്കണക്കിന് പരാതികൾ പരിഹാരമില്ലാതെ കെട്ടിക്കിടക്കുമ്പോൾ നാട് നേരിടുന്ന വികസനത്തിനും സൽപ്പേരിനും പിന്നെയെന്താണർത്ഥം? മാനുഷികത ആവശ്യമായ ജനകീയ യജ്ഞം ഇത് പരിഹരിക്കുന്നതിന് ആവശ്യമാണ്. ചിലയിടത്തെങ്കിലും അർഹതപ്പെട്ട സേവനം ലഭിക്കാൻ കൈക്കൂലി കൊടുക്കേണ്ടി വരുന്നു.

അഴിമതിരഹിത സേവനം ഉറപ്പാക്കാൻ വകുപ്പിന് കഴിയുന്നില്ല. അഴിമതിക്കാരായ ഉദ്യോഗസ്ഥരെ കൈയോടെ പിടികൂടുന്ന ട്രാപ്പ് കേസുകളുടെ എണ്ണത്തിൽ 2023-ൽ സർവ്വകാല റെക്കോർഡാണ് സംസ്ഥാന വിജിലൻസ് രേഖപ്പെടുത്തിയത്. 55 ട്രാപ്പ് കേസുകളിൽ തദ്ദേശസ്വയംഭരണ വകുപ്പിന് തൊട്ടുപിന്നിൽ റവന്യൂ വകുപ്പുമുണ്ട്. ഇക്കാര്യത്തിൽ ജനങ്ങളുമായി ഏറ്റവും അടുത്തിടപഴകുന്ന ഈ രണ്ട് വകുപ്പുകളും തമ്മിൽ ആരോഗ്യകരമായ മത്സരമാണ്. കൊട്ടാരക്കരയിൽ തഹസീൽദാരുടെ നേതൃത്വത്തിലായിരുന്നു കൈക്കൂലി മാഫിയ പ്രവർത്തിച്ചിരുന്നത്. ഓഫീസ് കേന്ദ്രീകരിച്ച് ക്വാറി, മണ്ണ് കടത്തൽ എന്നിവയുമായി ബന്ധപ്പെട്ട് വൻതുകകളുടെ കൈമാറ്റം നടക്കുന്നതായിട്ടുള്ള സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പ് അണ്ടർ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസീൽദാർ, ഡെപ്യൂട്ടി തഹസീൽദാർ എന്നിവരെ സസ്പെൻഡ് ചെയ്യുകയും ഏജന്റായി പ്രവർത്തിച്ച താൽക്കാലിക ഡ്രൈവറെ പിരിച്ചുവിടുകയും ചെയ്തു. കൊട്ടാരക്കര കുമ്മിൾ വില്ലേജിലെ ക്വാറി വാങ്ങാനുദ്ദേശിക്കുന്ന ആളുടെ ഏജന്റെന്ന വ്യാജേന തഹസീൽദാരെ സമീപിച്ച അണ്ടർ സെക്രട്ടറിയോട് പത്ത് ലക്ഷം രൂപയാണ് കൈക്കൂലിയായി

ആവശ്യപ്പെട്ടത്. ലക്ഷങ്ങൾക്കൊന്നും ഒരു വിലയുമില്ലേ? ഈ മാഫിയ സംഘത്തിനെതിരെ നേരത്തെയും പരാതിയുണ്ടായിരുന്നു. ഇഷ്ടിക കമ്പനി നടത്തുന്നതിന് പാസ്സിനായി ഒരു ലക്ഷം രൂപ ആവശ്യപ്പെട്ടതായി രേഖാമൂലം പരാതിയുണ്ടായിരുന്നു. ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട് മണ്ണ് മാഫിയയുടെ യോഗം വിളിച്ചുചേർത്തുവെന്നായിരുന്നു മറ്റൊരു പരാതി. നിയമ ലംഘനത്തിന് പിടികൂടിയ ഒട്ടേറെ വാഹനങ്ങൾ കൈക്കൂലി വാങ്ങി വിട്ടുനൽകിയെന്നും പരാതിയുണ്ട്. പല മണ്ണ് മാഫിയ സംഘങ്ങളുമായി നേരിട്ടുള്ള ബന്ധത്തിനും തെളിവുകൾ സഹിതം പരാതി ലഭിച്ചു. തെരഞ്ഞെടുപ്പ് ദിവസങ്ങളിൽ കൊട്ടാരക്കര താലൂക്കിൽ വ്യാപകമായ മണ്ണെടുപ്പും നിലംനികത്തലും നടന്നതായി ആക്ഷേപമുണ്ട്. കൊട്ടാരക്കരയിൽ നടന്നത് ഞെട്ടിക്കുന്ന അഴിമതിയാണ്. ഇവർക്ക് ഇത്രയുംനാൾ സംരക്ഷണം നൽകിയത് ആരാണെന്നുള്ളതാണ് അന്വേഷിക്കേണ്ടത്. മഞ്ഞുമലയുടെ ഒരറ്റം മാത്രമാണ് കൊട്ടാരക്കരയിൽനിന്ന് പുറത്ത് വന്നിരിക്കുന്നത്. പാലക്കാട് പാലക്കയം വില്ലേജ് ഓഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിനെ, ലൊക്കേഷൻ സർട്ടിഫിക്കറ്റിനായി 2,500/- രൂപ കൈക്കൂലി വാങ്ങുമ്പോഴാണ്

വിജിലൻസ് പിടികൂടിയത്. തുടർന്ന് ഇയാളുടെ താമസസ്ഥലം പരിശോധിച്ചപ്പോഴാണ് വിജിലൻസ് ഞെട്ടിയത്. 35 ലക്ഷം രൂപ പണമായും 45 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപത്തിന്റെ രേഖകളും 25 ലക്ഷത്തിന്റെ സേവിംഗ്സ് ബാങ്ക് രേഖകളുമാണ് കണ്ടെത്തിയത്. കൂടാതെ ചാക്ക് കണക്കിന് നാണയങ്ങൾ കണ്ടെത്തിയതിനാൽ അത് എണ്ണിയെണ്ണി വിജിലൻസുകാരുടെ കൈയും കുഴഞ്ഞു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുമായി എത്തിയ ആളിന് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന് പാലക്കാട് ഭൂരേഖ തഹസീൽദാർ കൈക്കൂലിയായി വാങ്ങിയത് 50,000/- രൂപയാണ്. കൂടാതെ പരാതിക്കാരനിൽനിന്ന് മദ്യവും ചോക്ലേറ്റും സ്പ്രേയുമൊക്കെ പാരിതോഷികമായി സ്വീകരിക്കുന്ന ദൃശ്യങ്ങൾ വകുപ്പിന് ആകെ അവമതിപ്പുണ്ടാക്കുന്നതായിരുന്നു. ഈ തഹസീൽദാരെക്കുറിച്ച് മുമ്പും നിരവധി പരാതികളുണ്ടായിരുന്നെന്നും വ്യക്തമായ തെളിവുകളടക്കമുള്ള പരാതിക്കായി കാത്തിരിക്കുകയുമാണെന്നാണ് വിജിലൻസ് അധികൃതർ വെളിപ്പെടുത്തിയത്. പാലക്കാട് സിവിൽ സ്റ്റേഷനിൽ സ്ഥിതി ചെയ്യുന്ന താലൂക്ക് ഓഫീസിലായിരുന്ന ഈ അഴിമതിക്കാരൻ വിരാജിച്ചത്. അഴിമതിക്കാർക്ക് എല്ലാ പ്രോത്സാഹനവും പ്രധാന പദവിയും

നൽകി സംരക്ഷിക്കുന്ന നിലപാടാണ് റവന്യൂ വകുപ്പിനുള്ളത്. സത്യസന്ധരായ ഉദ്യോഗസ്ഥർക്ക് നിർഭയമായി ജോലി ചെയ്യാനാകാത്ത സാഹചര്യമുണ്ട്. അടൂർ താലൂക്കിലെ കടമ്പനാട് വില്ലേജ് ഓഫീസർ മനോജിന്റെ ആത്മഹത്യയിലേക്ക് നയിച്ച കാരണങ്ങൾ പരിശോധിച്ചാൽ അത് ബോധ്യമാകും. ആ താലൂക്കിലെ വില്ലേജ് ഓഫീസർമാർ തന്നെ സമഗ്രമായ അന്വേഷണം ആവശ്യപ്പെട്ട് ജില്ലാ കളക്ടർക്ക് പരാതി നൽകി. അനധികൃത മണ്ണെടുപ്പും വയൽ നികത്തലും വ്യാപകമായ ആ പ്രദേശത്തെ പ്രാദേശിക ഭരണകക്ഷി നേതാക്കളിൽ നിന്നുള്ള വലിയ സമ്മർദ്ദവുമാണ് ഈ വില്ലേജ് ഓഫീസറെ ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിച്ചത് എന്നുള്ളത് ഗൗരവതരമായ കാര്യമാണ്. കുടിശ്ശികക്കാർ മാറ്റി നിർത്തപ്പെടേണ്ടവരല്ല; അവരെ ചേർത്ത് നിർത്തേണ്ട ചുമതല സർക്കാരിനുണ്ട്. അവർക്ക് ആശ്വാസം പകരേണ്ട ചില വ്യവസ്ഥകൾകൂടി ഉൾപ്പെടുത്താത്തതിലുള്ള വിയോജിപ്പ് ഒരിക്കൽകൂടി ഞാൻ രേഖപ്പെടുത്തുകയാണ്.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ടി. സിദ്ദിഖ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള നികുതി

വസൂലാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന (1) എ നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മൂവ് ചെയ്തിട്ടുള്ള, ഈ ബില്ലിൽ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട കാര്യങ്ങളൊക്കെ ഏറെ സ്വാഗതാർഹമായിട്ടുള്ള നടപടികളാണെന്ന് പ്രത്യേകം എടുത്തു പറയുകയാണ്. ഇതിൽ കുടിശ്ശിക വരുത്തുന്ന ആളുകൾ ഏറ്റവും ബുദ്ധിമുട്ടും പ്രയാസകരമായിട്ടുള്ള സാഹചര്യങ്ങൾ നേരിടുന്നവരുമാണ്. അത്തരം ആളുകളെ സഹായിക്കാനുള്ള നിലപാടും സമീപനവും ഈ ബില്ലിൽ അന്തർലീനമായി കിടക്കുന്നുവെന്നുള്ളത് എടുത്തു പറയാൻ ആഗ്രഹിക്കുന്നു. ബില്ലിന്റെ അവതരണവേളയിൽ ഉയർന്നുവന്നതും കുടിശ്ശികക്കാർക്ക് പ്രയോജനം ചെയ്യുന്നതുമായിട്ടുള്ള മറ്റ് പ്രധാനപ്പെട്ട പല നിർദ്ദേശങ്ങളുമുണ്ടായി. അവ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുൾപ്പെടുത്താൻ ഒരു പരിധിവരെ തയ്യാറായില്ലെന്നതും അതിന്റെകൂടെ ചേർത്തു പറയാൻ ആഗ്രഹിക്കുകയാണ്. ഭൂരഹിതനായ കുടിശ്ശികക്കാരന് ബോട്ട്-ഇൻ-ലാൻഡ് ആയി, സർക്കാർ ഏറ്റെടുത്ത വസ്തുവിലുള്ള കുടിശ്ശിക പൂർണ്ണമായും അഞ്ചു വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കാൻ

കഴിയാതെ വരുന്ന സാഹചര്യത്തിൽ എത്ര തുകയാണോ അദ്ദേഹം ആ കാലയളവിനുള്ളിൽ അടയ്ക്കുന്നത് ആ തുകയ്ക്കുള്ള വസ്തുവിന് ആനുപാതികമായി അദ്ദേഹത്തിന് തിരിച്ചുനൽകാനുള്ള നടപടിയുണ്ടാകണം. കിടപ്പാടവും വസ്തുക്കളും മറ്റു സാഹചര്യങ്ങളൊന്നുമില്ലാത്ത സന്ദർഭത്തിൽ, അദ്ദേഹത്തിന്റെ കൈവശമുള്ള ഏക വസ്തു അദ്ദേഹത്തിന്റെ കൈയിൽനിന്നു പോകുകയാണ്. പിന്നീടുള്ള ഏകമാർഗ്ഗം അദ്ദേഹം അടച്ച തുകയ്ക്ക് ആനുപാതികമായുള്ള വസ്തു തിരിച്ച് നൽകി അദ്ദേഹത്തിന്റെ ജീവിതത്തിൽ അല്പമെങ്കിലും ആശ്വാസം കണ്ടെത്താനുള്ള മാർഗ്ഗം നൽകണമെന്നുള്ളതാണെന്ന് പ്രത്യേകമായി എടുത്തുപറയുന്നു. വകുപ്പ് 71 പ്രകാരം നോട്ടിഫൈ ചെയ്ത സ്ഥാപനങ്ങൾ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതിനുശേഷം കുടിശ്ശികക്കാരൻ ആ സ്ഥാപനവുമായി നേരിട്ട് ബന്ധപ്പെട്ട് കുടിശ്ശിക അടച്ചുതീർത്താൽ സർവീസ് ചാർജ്ജിനത്തിൽ ഒരു ശതമാനം തുക മാത്രമാണ് ഈടാക്കുന്നത്. സർക്കാർ വകുപ്പുകളും സർവീസ് ചാർജ്ജ് ഒരു ശതമാനമായി കുറയ്ക്കുന്ന കാര്യം പരിഗണിക്കണമെന്നുള്ളത് അങ്ങയുടെ മുമ്പിൽ വയ്ക്കുകയാണ്. ഒരു പ്രധാനപ്പെട്ട കാര്യത്തിലേക്കുകൂടി അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. പൊതു നികുതി

കുടിശ്ശികയ്ക്കുള്ള പലിശ 12 ശതമാനത്തിൽനിന്ന് 9 ശതമാനമായി ബില്ലിലെ ക്ലോസ് 3 പ്രകാരം കുറച്ചിട്ടുണ്ട്. എന്നാൽ ആക്ടിലെ 71-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന സ്ഥാപനവും കുടിശ്ശികക്കാരനും തമ്മിലുണ്ടാക്കിയ കരാർ അതായത് ബേസ് കരാറിൽ അതിന്റെ പലിശ നിരക്ക് എന്തുതന്നെയായാലും അത് 9 ശതമാനത്തേക്കാൾ അധികരിക്കാൻ പാടില്ലെന്ന ഒരു വ്യവസ്ഥകൂടി ഉൾപ്പെടുത്തണം. ഒമ്പത് ശതമാനം എന്നുള്ളത് ഏറെ ആശ്വാസകരമാണ്. ഇവർ തമ്മിലുള്ള കരാറുകൂടി അതിന്റെ ഭാഗമാക്കി മാറ്റണമെന്ന് പറയുകയാണ്. അല്ലാത്തപക്ഷം സ്ഥാപനങ്ങളുമായി ഒമ്പത് ശതമാനത്തിന് മുകളിലുള്ള പലിശയ്ക്കാണ് കരാറുണ്ടാക്കിയതെങ്കിൽ ഈ ആനുകൂല്യം കുടിശ്ശികക്കാരന് ലഭിക്കില്ല എന്നതാണ് ഗൗരവതരമായിട്ടുള്ള യാഥാർത്ഥ്യം. ജപ്തി ചെയ്യുന്ന വസ്തു കുടിശ്ശികക്കാരന്റെ ഏക കിടപ്പാടവും ആയത് ആയിരം ചതുരശ്ര അടിയിൽ വിസ്തീർണ്ണം കുറവുമാണെങ്കിൽ ജപ്തി ഒഴിവാക്കാനുള്ള സാധ്യത, eviction പരിപൂർണ്ണമായി ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും പ്രത്യേകം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. 5 ലക്ഷം രൂപവരെ കുടിശ്ശികയുള്ള കേസുകളിൽ, ഗ്രാമങ്ങളിൽ ഒരേക്കറും നഗരത്തിൽ 50

സെന്റുംവരെ കൃഷിഭൂമിയുള്ള ചെറുകിട കർഷകരെ റവന്യൂ റിക്കവറി നടപടികളിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും പ്രത്യേകമായി കരുതലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. തിരിച്ചടവിന്റെ വിവിധങ്ങളായ മാർഗ്ഗങ്ങൾ സർക്കാരും റവന്യൂ ഡിപ്പാർട്ടുമെന്റും അവലംബിക്കാറുണ്ട്. തിരിച്ചടയ്ക്കുന്ന സമയത്ത് അതിന്റെ തവണകൾ മിനിമം 25 മുതൽ മുകളിലേക്കാക്കി മാറ്റാനുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്ന് സ്വീകരിക്കണമെന്നും പ്രത്യേകം എടുത്തു പറയുന്നു. മറ്റു കാര്യങ്ങളിലേയ്ക്കൊന്നുംതന്നെ കടന്നുപോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരൊറ്റ കാര്യം മാത്രം സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്. കൂടോത്രത്തെക്കുറിച്ചും അനുബന്ധ കാര്യങ്ങളെക്കുറിച്ചും എല്ലാവരും ഇവിടെ പറയുകയുണ്ടായി. പറഞ്ഞതു മുഴുവൻ സി.പി.ഐ.(എം)-ന്റെ പ്രവർത്തകന്മാരാണ്, ഇടതുപക്ഷ പ്രവർത്തകന്മാരാണ് എന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട കാര്യം. കൂടോത്രമാണെങ്കിലും നരബലിയാണെങ്കിലും ഇത്തരം നിഗൂഢമായിട്ടുള്ള പ്രവർത്തനങ്ങൾ ഒരിക്കലും ആശാസ്യകരമല്ല. ഈ നൂറ്റാണ്ടിൽ നമുക്ക് ഒരു കാരണവശാലും അതിനെ അംഗീകരിക്കാൻ

സാധിക്കില്ല. നമ്മുടെ സമൂഹത്തിന് പുറകോട്ട് പോകാൻ സാധിക്കുന്ന ഒന്നല്ല എന്നുള്ളതും നമ്മുടെ മുമ്പിലുണ്ട്. കൂടോത്രം മറ്റുള്ള പാർട്ടിയിലുള്ള ചിലയാളുകൾ മാത്രം ചെയ്യുന്ന കാര്യമാണെന്നാണ് ഇടതുപക്ഷ പാർട്ടിക്കാർ പറയുന്നത് കേട്ടാൽ തോന്നുക. അത്തരം ധാരണ പരത്താൻ ഇവിടെ ബോധപൂർവ്വമായ ശ്രമം നടത്തുകയാണ്.

മി. സ്പീക്കർ: യെസ്. പ്ലീസ്.....പ്ലീസ്....

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ ഒരുകാര്യം ചോദിക്കുന്നു; പത്തനംതിട്ടയിലെ നരബലിയുമായി ബന്ധപ്പെട്ട് പാർട്ടി ഏരിയ സെക്രട്ടറി പറയുന്നത് ഞങ്ങൾ ഇതിനെയൊന്നും അനുകൂലിക്കുന്നില്ലെന്നും ആരെയും പിന്തുണയ്ക്കാൻ ആഗ്രഹിക്കുന്നില്ലെന്നുമാണ്. പക്ഷേ പറയുമ്പോൾ ആ പറയുന്ന കാര്യം തിരിച്ചുവരും എന്നുള്ളതും പ്രത്യേകമായി ആലോചിക്കേണ്ടതുണ്ട്. ഇലന്തൂർ നരബലി കേസിലെ പ്രതി ഭഗവൽസിംഗ് സജീവ സി.പി.ഐ.(എം) പ്രവർത്തകനായിരുന്നുവെന്നാണ് സി.പി.ഐ.(എം) പത്തനംതിട്ട ഏരിയ സെക്രട്ടറി ശ്രീ. പി. ആർ. പ്രദീപ് പറയുന്നത്. വലിയ അറിവും പാണ്ഡിത്യവുമുള്ള ആളായിരുന്നു ഭഗവൽസിംഗ്. സി.പി.ഐ.(എം) വ്യക്തി

എന്നുള്ളതിലുപരി ജനകീയ മുഖമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ ജനകീയമുഖം പാർട്ടിക്കും ഗുണപരമായിരുന്നു. മുമ്പ് പൂർണ്ണമായും പുരോഗമനവാദിയായിരുന്നു അദ്ദേഹം. പഞ്ചായത്തിൽ വായനശാല, സാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങി വിവിധ പ്രവർത്തനങ്ങളിൽ അദ്ദേഹം ബന്ധപ്പെട്ടുനിന്നിരുന്നു. ഒരു സി.പി.ഐ.(എം) പ്രവർത്തകൻ ഒരു നരബലി പ്രവർത്തനത്തിന് മുഖ്യപങ്കാളിത്തം വഹിക്കുന്ന തലത്തിലേയ്ക്കെത്തുന്നു എന്നുമാത്രമല്ല, ഞാൻ ഇവിടെ വിമർശിക്കുമ്പോൾ...... ഞാൻ ഇതുമായി ബന്ധപ്പെട്ട് പഴയ മേഖലയിലൂടെ ഒന്നു വായിച്ചു പോയപ്പോൾ, മൻമോഹൻ ബംഗ്ലാവിൽ താമസിച്ചിരുന്ന മന്ത്രി ഗേറ്റ് മാറ്റി സ്ഥാപിച്ചതടക്കമുള്ള പല കാര്യങ്ങളും വന്നു. അങ്ങനെ അപ്പുറത്തും ഇപ്പുറത്തുമുള്ള ഏതെങ്കിലും ആളുകൾ ഇത്തരം കാര്യങ്ങളിൽ വ്യാപൃതമാകുന്നുണ്ടെങ്കിൽ അതിനെ ഒരുകാരണവശാലും പ്രോത്സാഹിപ്പിക്കാൻ കഴിയില്ല. അതുകൊണ്ട് നിരീശ്വരവാദികൾ, പുരോഗമന വാദികൾ ഇതിനൊക്കെ അന്യം നിൽക്കുന്നവർ എന്നുപറയുന്നത് ആ തലം മുതൽ താഴെയുള്ള പ്രവർത്തകന്മാർ വരെ ഒരു ചെറിയ വിഭാഗമെങ്കിലും അതിന്റെകൂടെ പോകുമ്പോൾ ഒന്നായി

എതിർക്കുകയും പ്രതിരോധിക്കുകയും ചെയ്യേണ്ടവരാണെന്നുള്ള ബോധ്യം ഈ പറയുന്ന ആളുകൾക്ക് ആത്മവിമർശനപരമായി ഉണ്ടാകണമെന്നുള്ളത് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി യു. പ്രതിഭ ചുമതലപ്പെടുത്തിയപ്രകാരം (ശ്രീ. കെ. ഡി. പ്രസേനൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന (2)ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണമാണെങ്കിലും കുടുംബ ഭരണമാണെങ്കിലും വായ്പ/കടം ഒരു അനിവാര്യ ഘടകമാണ്. സംസ്ഥാനം ഒരു നാടിന്റെ വികസനത്തിനാണെങ്കിൽ, കുടുംബം വാങ്ങേണ്ടിവരുന്ന വായ്പകൾ പലപ്പോഴും വ്യക്തികളുടെയും വീടിന്റെയും സ്വകാര്യ നിലനിൽപ്പിനുവേണ്ടിയുമായിരിക്കും. പ്രകൃതി ദുരന്തങ്ങളും മഹാമാരികളും അപ്രതീക്ഷിതമായി കടന്നുവരുമ്പോൾ ഒരു നാടിന്റെ സാമ്പത്തിക ഭദ്രത മാത്രമല്ല തകരുക, ആ നാട്ടിലെ ജനതയുടെയും സാമ്പത്തിക ഭദ്രത തകർക്കപ്പെടും. അത്തരം സന്ദർഭങ്ങളിൽ അതിജീവനത്തിനായി

സംസ്ഥാനത്തെ സഹായിക്കാൻ ഔദ്യോഗികമായ പല മാർഗ്ഗങ്ങളും നിലവിലുണ്ട്. അതേസമയം ഒരു വ്യക്തിയെ സംബന്ധിച്ച് പലപ്പോഴും സാമ്പത്തിക തകർച്ച, ജീവിതമുരടിപ്പ് എന്നിവ മാത്രമല്ല ഉണ്ടാക്കുക, ജീവൻതന്നെ നഷ്ടപ്പെടുത്തുന്ന അവസ്ഥ സ്വയം സൃഷ്ടിക്കാൻ നിർബന്ധിക്കപ്പെടുന്ന നിലയിലേക്ക് അവർ എത്തിച്ചേരും. വർത്തമാന കാലത്ത് കേരളീയ സമൂഹത്തിൽ വലിയൊരു വിഭാഗം വായ്പക്കാരും ആശ്രയിക്കുന്നത് സഹകരണ ബാങ്കുകളെയും പൊതുമേഖല വാണിജ്യ ബാങ്കുകളെയുമാണ്. പൊതുമേഖലാ ബാങ്കുകളും വാണിജ്യ ബാങ്കുകളും കേന്ദ്ര സർഫാസി നിയമത്തിന്റെ ചട്ടക്കൂടിലാണ് പ്രവർത്തിക്കുന്നത്. അതാകട്ടെ, പാവപ്പെട്ടവരും ഇടത്തരക്കാരുമായ ഭൂരിപക്ഷം ജനങ്ങളെയും മനുഷ്യത്വ വിരുദ്ധമായി കൈകാര്യം ചെയ്യുന്നതിനാണ് ഉപയോഗപ്പെടുത്തുന്നത്. എന്നാൽ സഹകരണ സംഘങ്ങളെ ആശ്രയിക്കുന്ന വായ്പക്കാരെ സംബന്ധിച്ച് അവിടെ സഹകരണ നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിലാണ് ജപ്തി നടപടികൾ സ്വീകരിക്കുന്നത്. അത് ഏറെക്കുറെ ജനപക്ഷ സമീപനം സ്വീകരിക്കുന്നതാണ്. ഈ രണ്ടു സാഹചര്യങ്ങളെയും കൂടുതൽ ജനകീയ

മനസ്സോടെ നവീകരിക്കാൻ ഉദ്ദേശിച്ചാണ് ഈ ബിൽ കൊണ്ടുവരുന്നത്. കേരളത്തിൽ മുൻകാലങ്ങളിൽ സഹകരണ സംഘങ്ങളാണെങ്കിലും പൊതു വാണിജ്യ ബാങ്കുകളാണെങ്കിലും വായ്പയും കുടിശ്ശികയും ജപ്തിയുമെല്ലാം മനുഷ്യരെ സഹായിക്കുന്ന രീതിയിലാണ് ചിട്ടപ്പെടുത്തിയിരുന്നത്. എന്നാൽ ഇന്ന് പുത്തൻതലമുറ ബാങ്കുകളുടെ വരവോടുകൂടി വായ്പ നൽകലും തിരിച്ചു പിടിക്കലുമെല്ലാം ലാഭാധിഷ്ഠിത തിരിച്ചുപിടിക്കലിന്റെ മാഫിയ പ്രവർത്തനമായി രാജ്യത്താകെ മാറിക്കഴിഞ്ഞിരിക്കുകയാണ്. മനുഷ്യരുടെ എല്ലാതരം ദൗർബല്യങ്ങളെയും പ്രോത്സാഹിപ്പിച്ച് എന്തിനും ഏതിനും വായ്പയെടുക്കാൻ അവസരമൊരുക്കുകയും തുടർന്ന് ഒരിക്കലും അവർക്ക് പുറത്ത് കടക്കാൻ കഴിയാത്തവിധം കടത്തിന്റെ കുരുക്ക് മുറുക്കുകയും ചെയ്യുന്ന വട്ടിപ്പലിശക്കാരന്റെ വക്രബുദ്ധിയുമായി പ്രവർത്തിക്കുന്നവയാണ് പല ന്യൂ ജനറേഷൻ ബാങ്കുകളും എന്ന് കാണാൻ കഴിയും. ഇത്തരം ബാങ്കുകളിലെ നിസ്സഹായരായ വായ്പക്കാരുടെ ചുറ്റും പറന്നു നടക്കുന്ന റിയൽ എസ്റ്റേറ്റ് മാഫിയയും അരാചക സംഘങ്ങളും ഇന്ന് വായ്പക്കാരന്റെ സ്വത്ത് മാത്രമല്ല അവരുടെ കുടുംബാംഗങ്ങളുടെ മാനാഭിമാനംകൂടിയാണ് തട്ടിയെടുക്കുന്നത്. മാനസികവും

ശാരീരികവുമായ ഇത്തരം ആക്രമണങ്ങളെ ചെറുക്കാൻ കഴിയാത്തവർ അവസാനം ആത്മഹത്യയിൽ അഭയം പ്രാപിക്കുകയാണ് ചെയ്യുന്നത്. ഇത്തരം ആത്മഹത്യകൾ ലോകത്ത് ഏറ്റവും കൂടുതൽ നടക്കുന്ന രാജ്യമാണ് ഇന്ത്യ. ഓരോ അരമണിക്കൂറിലും ഒരു ഇന്ത്യക്കാരൻ കടംമൂലം ആത്മഹത്യ ചെയ്യുന്നുണ്ടെന്ന കണക്ക് നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഈ ബില്ലിലെ ഭേദഗതി അവതരിപ്പിക്കുന്നത്. സഭയിൽ പാസ്സാക്കുന്ന ഈ ബില്ലിലൂടെ എല്ലാ വായ്പക്കാർക്കും ഒരുപോലെ ആശ്വാസം ലഭിക്കണമെങ്കിൽ കേന്ദ്ര സർക്കാർകൂടി സഹകരിക്കേണ്ടതായിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ ബാങ്കുകളിൽനിന്നും ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും വായ്പയെടുത്ത് കടക്കെണിയിൽപ്പെട്ട മനുഷ്യർക്ക് പൂർണ്ണമായ ഇളവുകൾ നൽകണമെങ്കിലും ജപ്തി നടപടികൾ ലഘൂകരിക്കണമെങ്കിലും ജനപക്ഷത്തേയ്ക്ക് കേന്ദ്ര സർക്കാരുംകൂടി വരേണ്ടതുണ്ട്. എന്നാൽ കോൺഗ്രസ് പാർട്ടി ഈ രാജ്യം ഭരിച്ച സമയത്ത് രൂപം കൊടുത്ത പുത്തൻ സാമ്പത്തിക നയമെന്ന ജനവിരുദ്ധ പുത്തൻ സാമ്പത്തിക നയത്തെ അതിലേറെ ആവേശത്തോടുകൂടി നടപ്പാക്കുന്ന രണ്ടാനച്ഛനായ ബി.ജെ.പി. സർക്കാർ തയ്യാറാകുന്നില്ലെന്ന കാര്യം നമുക്കെല്ലാവർക്കുമറിയാം. എങ്കിലും ഈ

ബിൽ രാജ്യത്തിന് മാതൃകയാകുന്ന നിലയിൽ നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയണമെന്ന് അഭിപ്രായപ്പെടുകയാണ്. എന്തെല്ലാം പരിമിതികളുണ്ടെങ്കിലും......

ശ്രീ. നജീബ് കാന്തപുരം: സർ, ...... (മൈക്ക് ഓഫ്).....

മി. സ്പീക്കർ: അങ്ങ് സംസാരിച്ചോളൂ. ചെയറിനെ നോക്കി അങ്ങ് സംസാരിക്കൂ.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, എന്തെല്ലാം പരിമിതികളുണ്ടെങ്കിലും എല്ലാത്തരം ജപ്തി നടപടികളിലും സർക്കാരിന് ഇടപെടാൻ അധികാരം നൽകുന്നുവെന്നതാണ് ഈ ഭേദഗതി ബില്ലിന്റെ പ്രാധാന്യം. ജപ്തി നടപടികളിലേക്ക് പോകുന്ന വായ്പാ കുടിശ്ശികയിൽ കാൽ ലക്ഷം രൂപവരെ തഹസീൽദാർക്കും ഒരു ലക്ഷം രൂപവരെ ജില്ലാ കളക്ടർക്കും അഞ്ചുലക്ഷം രൂപവരെ റവന്യൂ വകുപ്പുമന്ത്രിക്കും പത്തു ലക്ഷം രൂപവരെ ധനകാര്യ വകുപ്പുമന്ത്രിക്കും ഇരുപത് ലക്ഷം രൂപ വരെ മുഖ്യമന്ത്രിക്കും അതിന് മുകളിൽ സംസ്ഥാന സർക്കാരിനും ഇടപെടാൻ കഴിയുന്നതും താൽക്കാലികമായി

തടഞ്ഞുവയ്ക്കാൻ കഴിയുന്നതും ഈ ബില്ലിൽ നൽകുന്ന ഏറ്റവും ആശ്വാസകരമായ കാര്യങ്ങളാണ്.

ശ്രീ. എച്ച്. സലാം: സർ, സെക്ഷൻ 36-ലും സെക്ഷൻ44-ലും പറയുന്നത് സ്ഥാവര വസ്തുക്കളുടെ ജപ്തിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. സ്വാഭാവികമായും ഇപ്പോൾ നാട്ടിൽ കണ്ടുവരുന്ന ഒരു പ്രവണത, ഒരു സ്ഥാപനത്തിൽ ജാമ്യമായി നൽകിയ വസ്തുവിന് വലിയ വിലയും ബാങ്കിൽനിന്നും എടുക്കുന്ന വായ്പ വളരെ ചെറിയ തുകയുമായിരിക്കും. പലപ്പോഴും ജപ്തി നടപടികൾ നടപ്പാക്കുമ്പോൾ ഈ മൂല്യം കണക്കാക്കിക്കൊണ്ടുള്ള ജപ്തി നടപടികളിലേക്ക് പോകാറില്ലെന്ന ഒരു പ്രശ്നം നിലനിൽക്കുന്നുണ്ട്. അപ്പോൾ സ്വാഭാവികമായും ബാങ്കിൽനിന്നും  വായ്പയെടുത്തത് ചെറിയ തുകയാണെങ്കിലും അതിന്റെ നിലവിലെ മാർക്കറ്റ് വിലയനുസരിച്ചുള്ള മൂല്യം നിർണ്ണയിച്ച്, അതുകൂടി കണക്കാക്കി ജപ്തി നടപടികൾ സ്വീകരിക്കുന്ന കാര്യം ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതല്ലേ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, തീർച്ചയായും, ഈ ഭേദഗതിയിൽ അത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഇത്രത്തോളം ശക്തിയും വ്യാപ്തിയും

ഇല്ലാതിരുന്നെങ്കിലും കുറെ കാലംമുമ്പുവരെ കേരളത്തിലെ സർക്കാരുകൾ നൽകിയിരുന്ന വായ്പാ ഇളവുകൾക്കും മറ്റിതര സഹായ പദ്ധതികൾക്കുമെതിരെ പുത്തൻ തലമുറ ബാങ്കുകളും വാണിജ്യ ബാങ്കുകളും കോടതിവഴി തടസ്സവാദം സൃഷ്ടിച്ചതിനെത്തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുകയെന്നതാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ നിയമം നിലവിൽ വരുന്നതോടെ ജപ്തി നടപടികൾ റദ്ദാക്കലും ഗഡുക്കൾ അനുവദിക്കലും മാത്രമല്ല, പിഴപ്പലിശ 12 ശതമാനത്തിൽനിന്നും ഒമ്പത് ശതമാനമായി കുറയ്ക്കാനും മറ്റിതര പലിശകളിൽ ഇളവുകൾ നൽകാനും കഴിയും. ലേലത്തിൽ പോകാത്ത ഭൂമി ബോട്ട്-ഇൻ-ലാൻഡ് ആയി സർക്കാരിന് ഒരു രൂപയ്ക്ക് ഏറ്റെടുക്കുന്നതിന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. ഇത്തരത്തിലുള്ള ബോട്ട്-ഇൻ-ലാൻഡ് ഉടമകൾക്ക് തിരിച്ചുപിടിക്കാൻ 5 വർഷംവരെ അവസരം നൽകുന്ന ഭേദഗതികൂടിയാണിത്. മറ്റൊരു ഭേദഗതി കുടിശ്ശികക്കാരെ ഏറെ സഹായിക്കുന്ന ഒന്നാണ്. അതിനെപ്പറ്റിയാണ് ബഹുമാനപ്പെട്ട അംഗം എച്ച്. സലാം സൂചിപ്പിച്ചത്. ചെറിയ കുടിശ്ശികയ്ക്കുപോലും വളരെ വിസ്തൃതമായ മുഴുവൻ ഭൂമിയും ജപ്തി ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതിന് മാറ്റംവരുത്തി കുടിശ്ശികത്തുകയ്ക്ക്

ആനുപാതികമായി മാത്രം വസ്തുവിന്റെ ഒരു ഭാഗം മാത്രം ജപ്തി ചെയ്യുന്ന വ്യവസ്ഥ ഈ ഭേദഗതി ബിൽ ഉറപ്പുവരുത്തുന്നുണ്ട്. ചില ഭൂമികൾ ജപ്തി ചെയ്ത് ലേലം ചെയ്യുന്നതിനുമുമ്പ്...., എന്റെ ഒരു നിർദ്ദേശം മുന്നോട്ട് വയ്ക്കാനുള്ളത്, ഒരു പ്രാഥമിക ഖനനം ആ ഭൂമിയിൽ നടത്താൻ വകുപ്പ് തയ്യാറാകണമെന്നുള്ളതാണ്. മറ്റൊന്നുംകൊണ്ടല്ല. 'കൂടോത്ര പ്രദേശ് കോൺഗ്രസ് കമ്മിറ്റി'ക്കാരുടെ നേതാക്കളും അനുയായികളും ചേർന്ന് കുഴിച്ചിട്ട തകിടുകളും ആണികളും ആട്ടിൻ തലകളും ആമത്തോടുകളും അണ്ണാൻ പല്ലുകളും ആരാന്റെ നഖവും അവനവന്റെ മുടിയും അത് അവരവർക്കുതന്നെ ലേലത്തിൽ തിരിച്ചുപിടിക്കാൻ അവസരം നൽകുന്നുവെന്ന് മന്ത്രി പറഞ്ഞാൽ ഈ ബിൽ ഒരു എതിർപ്പുംകൂടാതെ പാസ്സാക്കാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് എന്റെയൊരു അഭിപ്രായം മുന്നോട്ടുവയ്ക്കുന്നത്. റവന്യൂ വകുപ്പ് ഈ സർക്കാരിന്റെ ജനകീയ സ്വപ്നങ്ങൾക്ക് നിറം പകർന്നുകൊണ്ട് പ്രയാണം തുടരുകയാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ രേഖയും സ്മാർട്ട്' എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് സർക്കാർ പ്രവേശിക്കുകയാണ്. ഒരുതുണ്ട് ഭൂമിക്കുപോലും രേഖകളില്ലാതെ പതിറ്റാണ്ടുകളായി കാത്തിരിക്കുന്ന പതിനായിരക്കണക്കിന് മനുഷ്യർക്ക്

അവരുടെ ഭൂമി അളന്നുതിട്ടപ്പെടുത്തി ഡിജിറ്റൽ രേഖ സഹിതം സമർപ്പിക്കുന്ന ഡിജിറ്റൽ സർവേ നടപടികൾ മുന്നേറുകയാണ്. കേരളം രൂപീകരിച്ച് 57 വർഷത്തിനിടയിൽ കേരളത്തിൽ ആകെ 89 വില്ലേജുകളിലാണ് ഡിജിറ്റൽ സർവേ നടത്തിയിട്ടുള്ളത്. എന്നാൽ ഈ സർക്കാരിന് ഒന്നര വർഷംകൊണ്ടുതന്നെ 197 വില്ലേജുകളിലെ മുഴുവൻ ഭൂമിയും ഡിജിറ്റൽ സർവേ പ്രകാരം അളന്നുതിട്ടപ്പെടുത്താൻ സാധിച്ചു. വനം വകുപ്പിന്റെ ഭൂമി മാറ്റിനിർത്തിയാൽ, കേരളത്തിൽ അവശേഷിക്കുന്ന 28 ലക്ഷം ഹെക്ടർ ഭൂമിയിലെ നാല് ലക്ഷം ഹെക്ടർ ഭൂമിയും ഇതിനകം അളന്നുകഴിഞ്ഞു. ഭൂമിയുള്ളവരുടെ വായ്പയും കുടിശ്ശികയും പലിശയിളവും ജപ്തിയും മോറട്ടോറിയവുമെല്ലാം ചർച്ച ചെയ്യുമ്പോൾ ഒരുതരി മണ്ണിനുപോലും രേഖകളില്ലാത്ത മനുഷ്യർക്കാണ് ഡിജിറ്റൽ സർവേ ഏറെ ഗുണകരമാകുന്നത്. ഈ പട്ടയവിതരണമെല്ലാം അവരെ സഹായിക്കുന്നതിനുവേണ്ടിയുള്ളതാണ്. ഏത് നല്ല കാര്യവും നാട്ടിൽ നടക്കണമെങ്കിൽ കളവും ചതിയും വഞ്ചനയുമില്ലാത്ത ഒരു സമൂഹത്തിന്റെ കൂട്ടായ്മ അനിവാര്യമാണ്. കക്ഷി രാഷ്ട്രീയഭേദമില്ലാതെ മതനിരപേക്ഷ സമൂഹത്തിനുണ്ടാക്കാൻ കഴിയുന്ന

നേട്ടങ്ങൾ കഴിഞ്ഞ കാലങ്ങളിൽ കൊയ്തെടുത്ത നാടാണ് കേരളം. എന്നാൽ സമീപ കാലങ്ങളിലായി ചില മാരീചവേഷധാരികൾ ഈ നാടിനെ ഒറ്റുകൊടുക്കാൻ നമുക്കിടയിൽ ഓടി നടക്കുകയാണ്. പണ്ട് ഇലക്ട്രിസിറ്റിയൊന്നുമില്ലാതിരുന്ന കാലത്ത്, ഞങ്ങളുടെ നാട്ടുകളിൽ എത്തിയിരുന്ന കള്ളനെ പിടിക്കുന്നതിന് ഓടിക്കൂടുന്ന നാട്ടുകാർക്കൊപ്പം ഇരുട്ടിലേയ്ക്ക് നോക്കി 'കള്ളൻ....കള്ളൻ' എന്ന് ഉറക്കെ വിളിച്ച്, ഓട്ടത്തിന് നേതൃത്വം കൊടുക്കുന്ന യഥാർത്ഥ കള്ളന്മാരുടെ കാലഘട്ടം ഇലക്ട്രിസിറ്റി വന്നപ്പോഴാണ് അവസാനിച്ചത്. എന്നാൽ ആധുനിക കാലത്ത് ചിലർ ആ പഴങ്കഥയിലെ കള്ളൻമാരുടെ പണിക്ക് ഇറങ്ങിത്തിരിച്ചതായി കാണാൻ കഴിയും. നിശ്ചയദാർഢ്യത്തിന്റെ ആൾരൂപമായ സഖാവ് പിണറായി വിജയനെ, ധാർഷ്ട്യത്തിന്റെ/ധിക്കാരത്തിന്റെ കരിങ്കുപ്പായമണിയിക്കാൻ പ്രതിപക്ഷം ശ്രമിക്കുകയാണ്. ഹേ പ്രതിപക്ഷമേ, നിങ്ങൾ വിളിച്ചുകൂവുന്ന 'ധിക്കാരി'.....'ധിക്കാരി' എന്ന പദത്തിന്റെ ഉടമസ്ഥർ നിങ്ങളുടെ മുന്നിലുള്ള കസേരയിലും കള്ള പഹയൻമാരുടെ കേന്ദ്ര കമ്മിറ്റി ഓഫീസിലെ അധ്യക്ഷ

കസേരയിലും ഇരിപ്പുണ്ടെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ബില്ലിനെ എല്ലാവരും സർവ്വാത്മനാ പിന്തുണയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

റവന്യു-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 1968-ലെ റവന്യു റിക്കവറി ആക്ട് രൂപീകരിച്ചതിനുശേഷമുള്ള ഏറ്റവും ചരിത്ര പ്രാധാന്യവും കുടിശ്ശികക്കാർക്ക് ഏറ്റവും ഗുണപരവുമായ ഒരു ഭേദഗതിയാണ് ഈ ബില്ലിലുള്ളത്. സാധാരണക്കാരായ മനുഷ്യരെ എല്ലാവിധത്തിലും സഹായിക്കാൻ കഴിയുന്നതും ഇടതുപക്ഷ ജനാധിപത്യ സർക്കാരിന് അവരോടുള്ള വിധേയത്വം വിളിച്ചറിയിക്കുന്നതുമായ ഒരു ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചത്. 1968-ലെ റവന്യൂ റിക്കവറി നിയമം ഒരു സോഷ്യൽ ലെജിസ്ലേഷനോ ഒരു വെൽഫെയർ ലെജിസ്ലേഷനോ അല്ല. നികുതി കുടിശ്ശികയും വായ്പാ കുടിശ്ശികയും ഭൂമിയിൽനിന്നുള്ള പൊതുകുടിശ്ശികയായി കണക്കാക്കി ഈടാക്കിയെടുക്കുന്നതിനുള്ള ഒരു നിയമമാണിത്. അതുകൊണ്ടുതന്നെ കുടിശ്ശികത്തുക ഈടാക്കാൻ സർക്കാരിനും വായ്പ നൽകിയ സ്ഥാപനങ്ങൾക്കും ഉപകാരപ്പെടുന്ന വ്യവസ്ഥകളാണ് ഈ നിയമത്തിൽ പൊതുവായി ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സാധാരണക്കാരും

പാവപ്പെട്ടവരുമായ ആളുകൾ കുടിശ്ശികക്കാരായി മാറുന്നുവെന്നുള്ളതിനാൽ അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് ഈ നിയമത്തിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചത്. 1968-ലെ ഈ നിയമം രണ്ട് ഘട്ടങ്ങളിലായി കേരള നിയമസഭ ഭേദഗതി വരുത്തിയിട്ടുണ്ട്. അതായത് ഒന്നാം ഘട്ടം 1985-ലും രണ്ടാം ഘട്ടം 2007-ലുമാണ്. ആദ്യ ഘട്ടത്തിൽ 7, 74 വകുപ്പുകളിൽ വരുത്തിയ ഭേദഗതിയനുസരിച്ച് വീഴ്ചക്കാരന് കുടിശ്ശിക കാണിക്കുന്ന ഡിമാന്റ് നോട്ടീസിന്റെ പകർപ്പ് കൈമാറണമെന്ന വ്യവസ്ഥയായിരുന്നു. രണ്ടാം ഘട്ടമായ 2007-ൽ, സാധാരണ നിലയിൽ ഡിമാന്റ് സ്ഥാപനങ്ങളുടെ ഹെഡ് ക്വാർട്ടേഴ്സ് തിരുവനന്തപുരമായതുകൊണ്ട്, ഇത്തരത്തിലുള്ള എല്ലാ പരാതികളും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ലഭ്യമാകുന്നത് ആക്ടിലെ വ്യവസ്ഥ പ്രകാരമുള്ള അധികാര സ്ഥാപനങ്ങൾക്കുതന്നെ തീർപ്പുകൽപ്പിക്കാൻ അവകാശം കൊടുത്തുകൊണ്ടുള്ള ഭേദഗതിയായിരുന്നു. ഈ രണ്ട് ഭേദഗതികളും പ്രൊസീജ്യുവറലായിട്ടുള്ള സംവിധാനങ്ങളെകുറിച്ചുമാത്രം നൽകിയിരുന്ന ഭേദഗതികളായിരുന്നു. ജനപ്രതിനിധികളെല്ലാം ഉപയോഗപ്പെടുത്തിയിരുന്നതുപോലെ, നിയമത്തിൽ വ്യവസ്ഥയില്ലാതിരുന്നിട്ടും കുടിശ്ശികക്കാരനായ

സാധാരണക്കാരന് ഗഡുക്കളായി തുക അടയ്ക്കാനുള്ള നടപടി കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചുവരുന്നതിനിടയിൽ ഇങ്ങനെ ഗഡുക്കൾ അനുവദിച്ചുനൽകാൻ നിയമത്തിൽ വ്യവസ്ഥയില്ലെന്ന് കാണിച്ച്, കുടിശ്ശിക ഗഡുക്കളായി നൽകാൻ പാടില്ലെന്ന് വിധിച്ചുകൊണ്ട്, കോടതി നടത്തിയ ഒരഭിപ്രായ പ്രകടനത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഇങ്ങനെയൊരു ഭേദഗതിയെക്കുറിച്ച് ആലോചിക്കുന്നത്. പക്ഷെ ഇങ്ങനെയൊരു ഭേദഗതിയെപ്പറ്റി ആലോചിച്ചപ്പോൾ, കേവലം ഭേദഗതി കേരളത്തിലെ ഗവൺമെന്റിന് പുതുതായി രൂപപ്പെടുത്തിയ 83 എ മുതൽ ഡി വരെയുള്ള വകുപ്പുകളിൽ, കുടിശ്ശിക ഗഡുക്കളായി നൽകാനും മൊറട്ടോറിയം പ്രഖ്യാപിക്കുന്നതുൾപ്പെടെയുള്ള വ്യവസ്ഥകൾ മാത്രമായി പോകരുതെന്ന് കരുതി, ഈ വകുപ്പ് കുടിശ്ശികക്കാരനായ ഒരു സാധാരണക്കാരനുകൂടി സഹായകരമാകുന്ന വിധത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ ചർച്ചയിൽ പങ്കെടുത്ത് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ രണ്ട് എം.എൽ.എ.മാരും ലാൻഡ് റവന്യൂ ആൻഡ് ദേവസ്വവുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയിലെ ഏറ്റവും

പ്രമുഖരായ രണ്ട് അംഗങ്ങളാണ്. ഈ സമിതിയിലെ എല്ലാ അംഗങ്ങളും രാഷ്ട്രീയത്തിനതീതമായി വളരെ നല്ല വിധത്തിലുള്ള പിന്തുണയും നൽകുന്നുണ്ട്. ഈ ചർച്ചയിൽ പങ്കെടുത്ത നാലുപേരും ഒരുപോലെ അംഗീകരിച്ച കാര്യവും വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയവർപോലും അവരുടെ വിയോജനക്കുറിപ്പിന്റെ ആദ്യ വരിയായി പറഞ്ഞ കാര്യവും ഈ ബില്ലിൽ **കുടിശ്ശിക** കുറയ്ക്കാനുൾപ്പെടെ നടത്തിയ എല്ലാ സംവിധാനങ്ങളും വ്യവസ്ഥകളും തീർച്ചയായും വളരെ അഭിമാനകരമാണെന്നും അത് അംഗീകരിക്കുന്നുവെന്നുമാണ്. വിയോജനക്കുറിപ്പ് അവതരിപ്പിച്ചവർപോലും തർക്കത്തിനുവേണ്ടി ചില സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചതൊഴിച്ചാൽ ഈ ബില്ലിനെ സർവ്വാത്മനാ സ്വീകരിക്കുന്നുവെന്ന് പറഞ്ഞതിന്റെ അർത്ഥം, ഈ ഭേദഗതി കേരളത്തിന്റെ നിയമസഭയിൽ പൊതുവായ അംഗീകാരത്തിന് വിധേയമാക്കാം എന്നാണ്. തർക്കം ഉന്നയിച്ചതും വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയതുമായ പ്രശ്നങ്ങൾ ഓരോന്നായി സൂചിപ്പിക്കാൻ സമയം അനുവദിക്കുന്നില്ല. എങ്കിലും പ്രധാനപ്പെട്ട ചില പ്രശ്നങ്ങൾ ഇവിടെ പറയേണ്ടതുണ്ട്. അതിലൊന്ന്, ഭൂമി Bought-in-Land ആയി ഏറ്റെടുത്ത് 5

വർഷക്കാലം കഴിയുന്നതിനിടയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ പണമടച്ച് ഭൂമി തിരിച്ചെടുക്കാൻ അനന്തരാവകാശിക്ക് അവകാശമില്ല എന്നതാണ്. യഥാർഥത്തിൽ സർക്കാരും സ്ഥാപനങ്ങളും ഭൂമി Bought-in-Land ആയി മാറ്റുമ്പോൾ ഒരു conditional transfer മാത്രമാണ് നടക്കുന്നത്. അതായത്, തിരിച്ചുകൊടുക്കാൻ mother act-ൽ വ്യവസ്ഥയില്ല എന്നുപറയുന്നിടത്ത് പുതിയ ഭേദഗതിയിലൂടെ 5 വർഷത്തിനുള്ളിൽ പണമടച്ചാൽ കുടിശ്ശികക്കാരന് അത് തിരിച്ചെടുക്കാമെന്നും 5 വർഷത്തിനുള്ളിൽ പണമൊടുക്കിയില്ലെങ്കിൽ മാത്രമെ സെയിൽ അബ്സല്യൂട്ട് ആകുകയുള്ളൂ എന്നും നിർദേശിക്കുന്ന ഒന്നാണിത്. കുടിശ്ശികക്കാരന്റെ ഭൂമിയിലുള്ള അവകാശം Bought-in-Land ആക്കിയാലും അവിടെ നിലനിൽക്കുകയാണ്. യഥാർഥത്തിൽ കൊച്ചുനാരായണൻ v/s ജാനകിയമ്മ എന്ന കേസിൽ വളരെ ക്ലിയറായി പറയുന്നുണ്ട്; **legal heir in law continues the person of the deceased.** ഇതാണ് യഥാർത്ഥത്തിൽ സെറ്റിൽഡായിട്ടുള്ള പൊസിഷൻ. ഇതനുസരിച്ച്, ഒരു വ്യക്തിക്ക് ഭൂമിയിലുള്ള അവകാശം അയാളുടെ കാലശേഷം legal heirs-ന് ലഭിക്കുമെന്ന് മാത്രമല്ല, കുടിശ്ശിക അടച്ച് ഭൂമി ഏറ്റെടുത്താൽ പിന്തുടർച്ചാവകാശികൾക്കും ഇതിന്റെ

അവകാശം ഉണ്ടായിരിക്കും. എങ്കിലും, ബില്ലിന്റെ അവതരണവേളയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള സഭയിലെ അംഗങ്ങൾ ഇതുമായി ബന്ധപ്പെട്ട ചില സംശയങ്ങൾ രേഖപ്പെടുത്തിയ സാഹചര്യത്തിൽ, intention of legislature എന്താണെന്ന് വ്യക്തമാക്കാൻ കഴിയുന്ന വിധത്തിൽ 50A വകുപ്പിന്റെ കീഴിൽ അത്തരമൊരു ഔദ്യോഗിക ഭേദഗതി ഗവൺമെന്റ് കൊണ്ടുവരണമെന്ന് ആഗ്രഹിക്കുന്നുണ്ട്. പൂർണ്ണമായും തുക ഒടുക്കി Bought-in-Land ആക്കി 5 വർഷത്തിനുള്ളിൽ തിരിച്ചില്ലെങ്കിൽ ഒടുക്കിയ തുകയ്ക്ക് ആനുപാതികമായ ഭൂമി തിരികെ നൽകണമെന്ന ഒരു പ്രൊപ്പോസൽ ഇവിടെ വരികയുണ്ടായി. 50A വകുപ്പിന്റെ ഉദ്ദേശ്യം മനസ്സിലാക്കിയാൽ ഈ വിയോജനം നിലനിൽക്കില്ല. Bought-in-Land വഴി കൈമാറ്റപ്പെട്ട ഭൂമി തിരിച്ച് ലഭിക്കാൻവേണ്ടിയുള്ള വ്യവസ്ഥയാണിത്. ഭൂമി തിരിച്ച് കിട്ടുന്നതിനുവേണ്ടി കുടിശ്ശികയും പലിശയും അടയ്ക്കാൻ അനുവദിക്കുകയാണ്. അതുകൊണ്ട് ഇവിടെ ഭാഗികമായി തുക അടയ്ക്കുക എന്നത് ആക്ടുമായി ബന്ധപ്പെട്ട് നിലനിൽക്കാൻ കഴിയില്ലെന്നുള്ളതാണ് മറ്റൊരു പ്രശ്നം. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, നമ്മുടെ സർക്കാർ കാര്യങ്ങളിൽ ഒരു ശതമാനമല്ല

കളക്ഷൻ ചാർജ്ജ്. 71 പ്രകാരം രൂപീകരിക്കപ്പെട്ട ഡിപ്പാർട്ട്മെന്റുകളിൽ ഒരു ശതമാനം ചാർജ് ഈടാക്കുമ്പോൾ സർക്കാർ വകുപ്പുകളിൽ അങ്ങനെയല്ല ചാർജ് ഈടാക്കുന്നത് എന്നൊരു കാര്യവും ഈ ആക്ടിന്റെ ഭേദഗതിയിൽ വളരെ കൃത്യമായി മെൻഷൻ ചെയ്തിട്ടുണ്ട്. സർക്കാർ നിഷ്കർഷിക്കുന്ന നിരക്കിൽ ഈ ചാർജ്ജുകൾ ഈടാക്കാം എന്നാണ് ഇപ്പോൾ വന്നിട്ടുള്ള വ്യവസ്ഥ. സർക്കാർ നിഷ്കർഷിക്കുന്ന നിരക്കിൽ ഈടാക്കാം (as prescribed by the Government) എന്നുപറഞ്ഞാൽ അങ്ങേയ്ക്ക് അറിയാവുന്നതുപോലെ, പിന്നീട് ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ എങ്ങനെ ആയിരിക്കണം ഈടാക്കേണ്ട ശതമാനം എന്ന് നിശ്ചയിക്കാനുള്ള അവകാശമാണ്. നിയമത്തിൽ അതിനെക്കുറിച്ച് പ്രത്യേകമായൊരു ശതമാനവും ഈ ഭേദഗതിയിൽ വിവരിച്ചിട്ടില്ല. അതുകൊണ്ട് ചട്ടം രൂപീകരിക്കുന്ന കാര്യത്തിൽ വിശദമായ പരിശോധനയ്ക്കുശേഷം ഇക്കാര്യം നമുക്ക് മനസ്സിലാക്കാൻ കഴിയുമെന്നാണ് തോന്നുന്നത്.

വളരെ പ്രസക്തമായ ഒരു പ്രശ്നമാണ് ആറാമത്തെ വകുപ്പ് പ്രകാരം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. സാധാരണ നിലയിൽ 9 ശതമാനം എന്നതിനുപകരം 12 ശതമാനം പലിശ ഈടാക്കാനാണ് വകുപ്പുള്ളത്. എന്നാൽ ഈ

ഭേദഗതിയിലൂടെ സാധാരണക്കാരായ ആളുകളെ തിരിച്ചറിഞ്ഞുകൊണ്ട് അത് ഒമ്പത് ശതമാനമാക്കി ചുരുക്കി. മാത്രമല്ല; 71-ാം വകുപ്പുപ്രകാരമുള്ള സ്ഥാപനങ്ങളുമായി കക്ഷി കരാർ ഉണ്ടാക്കുമ്പോൾ ഒമ്പത് ശതമാനത്തിൽ താഴെയാണെങ്കിൽ അതിന്റെ അർത്ഥമെന്താണ്; ഒമ്പത് ശതമാനത്തിലധികമായാണ് കരാർ ഉണ്ടാക്കിയതെങ്കിൽ അത് നിലനിൽക്കില്ലെന്നും ഒമ്പത് ശതമാനത്തിൽ കൂടുതൽ അനുവദിക്കില്ല എന്നും കർശനമായി തീരുമാനിക്കുന്ന വിധത്തിലാണ് ഇത് മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചത്. ഗ്രാമങ്ങളിൽ ഒരു ഏക്കർ വരെയും നഗരങ്ങളിൽ ചില കർഷകരുടെ ഭൂമികളെയും കിടപ്പാടം മാത്രമുള്ളവരെയുമെല്ലാം ഈ നടപടികളിൽനിന്നും ഒഴിവാക്കണമെന്നാണ് ചില ആളുകൾ ഇവിടെ സൂചിപ്പിച്ചത്. സർക്കാരിന് ആഗ്രഹമില്ലാത്തതുകൊണ്ടല്ല. അഞ്ച് സെന്റ് ഭൂമി ജപ്തി ചെയ്യാൻ അവകാശമില്ലെന്ന് പ്രഖ്യാപിച്ചാൽ എന്തായിരിക്കും സ്ഥിതി; അഞ്ച് സെന്റ് ഭൂമിക്ക് നാളെ 71-ാം വകുപ്പിൽപ്പെടുന്ന ഒരു സ്ഥാപനവും ലോൺ നൽകില്ല; ഒരു അവകാശവും ലഭ്യമാക്കില്ല. നേരത്തെ ഒരു ആക്ടിൽ ഇത്ര ഭൂമി ഉള്ളവനോ കൃഷിഭൂമി ഉള്ളവനോ അവന്റെ പണയംവച്ച ഭൂമിയിന്മേൽ ഏതെങ്കിലും

വിധത്തിലുള്ള ജപ്തി നടപടികൾ നടത്താനാകില്ല എന്ന് പ്രഖ്യാപിച്ചാൽ എന്തായിരിക്കും സ്ഥിതി; പിന്നീട് ഈ വിഭാഗത്തിൽപ്പെടുന്ന ആർക്കും ലോൺ നൽകില്ലെന്ന് തീരുമാനിക്കുന്നതിന് വിധേയമായിരിക്കും അതിന്റെ സ്ഥിതി. എന്നുമാത്രമല്ല, സർഫാസി ആക്ടിൽ കൃഷിഭൂമി ജപ്തിക്ക് വിധേയമല്ലെന്ന വ്യവസ്ഥ ഉള്ളതുമൂലം കർഷകർക്ക് ബാങ്കുകൾ വായ്പ നൽകാതിരുന്ന സാഹചര്യവും നമ്മുടെ മുന്നിലുണ്ട്. Arrest and detention എന്ന ആർ.ആർ. ആക്ടിലെ തുടർനടപടികൾക്ക് ഒരുപക്ഷേ ഈ സാധാരണക്കാരെ വിധേയരാക്കേണ്ടി വരും എന്ന പ്രശ്നംകൂടി ഇതിലുണ്ട്. ആ ഘട്ടത്തിൽ ഇത്തരമൊരു നടപടി സ്വീകരിച്ചാൽ അത് സാധാരണക്കാരായ മനുഷ്യർക്ക് ലോൺ ലഭിക്കുന്നതിന് അപകടം ചെയ്യുമെന്നല്ലാതെ മറ്റൊന്നുമുണ്ടാകില്ല എന്ന് നമുക്കെല്ലാവർക്കും അറിയാം. Limitation Act പ്രകാരം കാലാവധി കഴിഞ്ഞ് തുക ഈടാക്കുന്നതിനുള്ള കാലപരിധി സംബന്ധിച്ച് വ്യക്തത വരുത്തണമെന്നുള്ളൊരു ആവശ്യം ഇവിടെ ഉന്നയിക്കുകയുണ്ടായി. Revenue Recovery Act ഒരു procedural law ആണ്; ഇതൊരു substantive law അല്ല. പ്രത്യേകിച്ച് ഒരു ആർ.ആർ. ആക്ട് പ്രകാരം ഏതെങ്കിലുമൊരു അവകാശം

സിദ്ധിക്കുകയും ചെയ്യില്ല; സൃഷ്ടിക്കാനുമാകില്ല. നിലവിലുള്ള ലിമിറ്റേഷൻ ആക്ട് ആർ.ആർ. നടപടികൾക്കും ബാധകമാണ്. എന്നുമാത്രമല്ല, നമുക്ക് ഇതിനൊരു ലിമിറ്റേഷൻ വേണ്ടേ; End of the litigation എവിടെ എന്ന ആശയം നമ്മുടെ മുന്നിലേയ്ക്ക് വരില്ലേ? സാധാരണ നിലയിൽ ലിമിറ്റേഷൻ ആക്ട് പ്രകാരം 71-ാം വകുപ്പിൽ പറയുന്ന വിധത്തിലുള്ള പൊതുസ്ഥാപനങ്ങൾക്ക് മൂന്നുവർഷം എന്നുള്ളത് കൂടുതൽ നൽകിയാൽ എന്താകും സ്ഥിതി; സാധാരണ നിലയിൽ Negotiable Instruments Act പ്രകാരം ഒരു ലിമിറ്റേഷനില്ലേ; അതുപോലെ ഒരു ലിമിറ്റേഷൻ ഇക്കാര്യത്തിലും ഉപയോഗിക്കുന്നു. നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചതനുസരിച്ച് കല്യാണിക്കുട്ടി V/s സ്റ്റേറ്റ് ഓഫ് കേരള നല്ലതുപോലെ പരിശോധിച്ചു. സാധാരണ നിലയിൽ സുപ്രീംകോടതി വായ്പ ഈടാക്കുന്നതിനെ സംബന്ധിച്ച് കല്യാണിക്കുട്ടി കേസ്സിൽ ഒരു അഭിപ്രായം നൽകിയിട്ടുണ്ട്. ഇപ്പോൾ ഒരു ലാർജർ ബെഞ്ചിന്റെ പരിഗണനയിലാണ് ആ കേസ്സുള്ളത്. അതുകൊണ്ട് 69-ാം വകുപ്പിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയിൽ മാത്രമാണ് ഇതിനെക്കുറിച്ച് സംസാരിച്ചിട്ടുള്ളത്. സ്വാഭാവികമായും ഇവിടെ പറഞ്ഞിട്ടുള്ളത്, തൃശ്ശൂർ ജില്ലയും

പാലക്കാട് ജില്ലയുമായി ബന്ധപ്പെട്ട ഒരു സ്ഥാപനത്തിന്റെ കുടിശ്ശിക വന്നാൽ ലിമിറ്റേഷന്റെ കാലാവധി വരെ അതവിടെ നിലനിർത്തി കാലാവധിക്കുശേഷം കൊടുക്കുന്നൊരു സ്ഥിതിവിശേഷമുണ്ട്. ഉദ്യോഗസ്ഥ തലത്തിലെ ചില പ്രയാസങ്ങൾ മൂലമാണ് ഇത് അനന്തമായി നീണ്ടുപോകുന്നത്. അതിനൊരു പരിഹാരം കാണുക എന്ന നിലയിലാണ് 69-ാം വകുപ്പിൽ വന്നിട്ടുള്ള ഭേദഗതിയിൽ മറ്റൊരു ജില്ലയിലാണ് സ്ഥാവരവസ്തു സ്ഥിതി ചെയ്യുന്നതെങ്കിൽ കുടിശ്ശിക തുക കാലഹരണപ്പെടുന്നതിന് മുമ്പുതന്നെ കുടിശ്ശിക സംബന്ധിച്ച സർട്ടിഫിക്കറ്റ് പ്രസ്തുത ജില്ലയിലെ കളക്ടർക്ക് അയച്ചുകൊടുക്കണമെന്ന വ്യവസ്ഥ രേഖപ്പെടുത്താൻ കാരണം. പലപ്പോഴും കാലപരിധി കഴിഞ്ഞാണ് ഈ സർട്ടിഫിക്കറ്റ് അയയ്ക്കുന്നത് എന്നതുകൊണ്ട് റവന്യൂ റിക്കവറി നടപടികൾ തുടരാൻ പറ്റാത്ത സാഹചര്യം ഈ വ്യവസ്ഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വിയോജനക്കുറിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഞാനിവിടെ പറയാനുള്ള ഒരു കാരണം, സാധാരണ നിലയിൽനിന്നും വ്യത്യസ്തമായി ജനങ്ങളുടെ ഇത്തരം പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ കഴിയുന്നൊരു കാഴ്ചപ്പാടോടെയാണ് ഈ ഭേദഗതി ബിൽ ഇവിടെ അവതരിപ്പിക്കാൻ ഇടയായത്

എന്നതുകൊണ്ടാണ്. 2002-ൽ കേന്ദ്ര സർക്കാർ തീരുമാനിച്ച സർഫാസി ആക്ട് നമ്മുടെ തലയ്ക്കുമീതെ ഒരു വാളായി നിൽക്കുകയാണ്. മൂന്ന് ഗഡുക്കൾ തുടർച്ചയായി വീഴ്ച വരുത്തിയാൽ വസ്തുവിൽ നോട്ടീസ് പതിച്ച് ബാങ്കിന് നേരിട്ടുതന്നെ ഭൂമി പിടിച്ചെടുക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു നിയമമാണിത്. ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള ബാധ്യതയ്ക്കാണ് സർഫാസി ആക്ട് ബാധകമാകുന്നത്. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ അപേക്ഷ നൽകി അവിടെനിന്ന് ചുമതലപ്പെടുത്തുന്ന കമ്മീഷണറുടെ നേതൃത്വത്തിൽ ജപ്തി നടപടികൾ നടക്കുമ്പോൾ ഒരുപക്ഷേ ഡിഫാൾട്ടറായിട്ടുള്ള പാവപ്പെട്ട കുടിശ്ശികക്കാരൻ ഇത് അറിയുകപോലും ചെയ്യുന്നില്ല. സർഫാസി ആക്ടിൽ ഒരു Debts Relief Tribunal-ൽ അപ്പീൽ നൽകാമെന്ന വ്യവസ്ഥ ഉണ്ടെങ്കിലും അങ്ങനെ അപ്പീൽ നൽകാൻ ഒരു സാധാരണക്കാരന് സാധിക്കുമോ? അങ്ങനെ ഈ പറയപ്പെടുന്ന വിധത്തിൽ Debts Relief Tribunal-ൽ അപേക്ഷ നൽകണമെങ്കിൽ 50 ശതമാനം തുകയെങ്കിലും അഡ്വാൻസായി നൽകിയാൽ മാത്രമേ അപ്പീൽപോലും സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഈ ഘട്ടത്തിലാണ് 1968-ലെ റവന്യൂ റിക്കവറി ആക്ടിൽ മൂന്നാമത് നടത്തുന്ന ഭേദഗതി, ചരിത്ര

ഭേദഗതിയായി മാറാനുള്ള എല്ലാവിധത്തിലുള്ള സംവിധാനങ്ങളും ഉൾപ്പെടുത്തി കേരളത്തിലെ സാധാരണക്കാരന് ഗുണം ലഭ്യമാകുന്ന വിധത്തിലുള്ള നടപടിക്രമങ്ങളിലേയ്ക്ക് പോകുന്നത്.

മൂന്നുനാല് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. വകുപ്പ് 6-ലെ ഏറ്റവും പ്രധാനപ്പെട്ട ഭേദഗതി എന്നുപറയുന്നത്, ഒരാൾ കുടിശ്ശിക വരുത്തുന്നപക്ഷം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്ന ഘട്ടത്തിൽ ആദ്യത്തെ പ്രശ്നം അയാൾ അടയ്ക്കേണ്ട പലിശയാണ്. മൂന്ന് വർഷക്കാലത്തിനിടയിൽ പലപ്പോഴും വലിയ പ്രയാസങ്ങൾ നേരിടേണ്ടിവന്ന ഒരു റവന്യൂ മന്ത്രിയാണ് ഞാൻ. എനിക്ക് മാത്രമല്ല; എനിക്കുമുമ്പിരുന്ന ഏത് രാഷ്ട്രീയ വിഭാഗത്തിൽപ്പെട്ടവർക്ക് ആണെങ്കിലും റവന്യൂ റിക്കവറിയുടെ ഭാഗമായി നമ്മുടെ മുമ്പിലേയ്ക്ക് ഗഡുക്കൾ വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വരുന്ന പലരുടെയും  മാനസികാവസ്ഥകൾ കാണാൻ സാധിച്ചിട്ടുണ്ട്. ഇങ്ങനെ സമീപിക്കുന്നവരിൽ കുറേയാളുകൾ പിഴപ്പലിശ ഒഴിവാക്കിക്കൊടുക്കണമെന്ന് പറയും, മറ്റുചിലർ പിഴ കുറവുചെയ്ത് തരണമെന്ന് പറയും, അടയ്ക്കേണ്ടുന്ന തുകയിൽ അൽപ്പം കുറവ് വരുത്തിയാൽ പണം

അടയ്ക്കാൻ സാധിക്കുമെന്നായിരിക്കും കുറച്ചാളുകൾ പറയുന്നത്, ഇത്രയും പണമടയ്ക്കാനുള്ള സ്ഥിതിയില്ല, ഇതല്ലാതെ മറ്റൊന്നും ഞങ്ങളുടെ കൈയിലില്ല എന്നായിരിക്കും വേറെചിലർ പറയുന്നത്. അവരുടെ വികാരങ്ങളും വിചാരങ്ങളും മനുഷ്യനെന്ന നിലയിൽ കാണുമ്പോൾ അനുഭവപ്പെടുന്ന തീവ്രമായ വികാരങ്ങൾ ഈ സഭയ്ക്ക് ബോധ്യപ്പെടുമെന്നാണ് ഞാൻ കരുതുന്നത്. നേരത്തേയുണ്ടായിരുന്ന പലിശ 'പന്ത്രണ്ട് ശതമാനം' എന്നത് 'ഒൻപത്' ശതമാനത്തിലേയ്ക്ക് കുറയ്ക്കണമെന്ന ധീരമായ നിലപാട്, 1986-ലെ റവന്യൂ റിക്കവറി ആക്ടിന്റെ ആറാമത്തെ വകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട് "THE KERALA REVENUE RECOVERY (AMENDMENT) BILL, 2024"-ലൂടെ ഈ ഗവൺമെന്റ് സ്വീകരിക്കുമ്പോൾ 'ഒൻപത് ശതമാനത്തിൽ' കൂടുതൽ പലിശ ഉൾപ്പെടുത്തിക്കൊണ്ട് കരാറുണ്ടാക്കിയാൽ എന്തുചെയ്യുമെന്ന ചോദ്യത്തിന് ഒരു അർത്ഥവുമില്ല. ഇതുമായി ബന്ധപ്പെട്ട നിയമം മനസിലാക്കിയ ആളുകൾക്ക് അറിയുന്നതുപോലെതന്നെ, റവന്യൂ റിക്കവറി പ്രകാരം സർക്കാരിനോ, സർക്കാരിന്റെ സ്ഥാപനങ്ങൾക്കോ, ആക്ടിന്റെ 71-ാംവകുപ്പ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്കോ, റവന്യൂ റിക്കവറിയിലൂടെ പണം

തിരിച്ചുകൊടുക്കണമെങ്കിൽ ഒൻപത് ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കാൻ ആരെയും അനുവദിക്കില്ലെന്ന കർശനമായ നിയമമാണ് കൊണ്ടുവന്നിരിക്കുന്നത്. ഈ ബിൽ നമ്മുടെ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കുമെന്ന പ്രതീക്ഷയോടെയാണ് സഭയിൽ അവതരിപ്പിക്കാൻ തീരുമാനിച്ചത്. സെക്ഷൻ 12-ന്റെ ഭേദഗതിയിൽ 'ഇ-ഓക്ഷൻ ഉൾപ്പെടെയുള്ള പൊതുലേലത്തിൽ വിൽക്കാവുന്നതാണ് എന്ന നിർദേശംകൂടി നോട്ടീസിൽ പ്രസിദ്ധീകരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എച്ച്. സലാമും ശ്രീ. കെ. ഡി. പ്രസേനനും ഇവിടെ പറഞ്ഞതുപോലെ, ഒരുപക്ഷെ ഏറ്റവും പ്രസക്തമായ രണ്ട് ഭേദഗതികളാണ്, 36-ാം വകുപ്പിലും 44-ാം വകുപ്പിലും ഈ ബില്ലിലൂടെ വരുത്താൻ നിശ്ചയിച്ചിരിക്കുന്നത്. 1986-ലെ റവന്യൂ റിക്കവറി ആക്ടിന്റെ 36-ാം വകുപ്പ് സൂചിപ്പിക്കുന്നത്, അറ്റാച്ച്മെന്റ് ആരംഭിക്കുമ്പോൾ നടത്തേണ്ട നടപടികളെക്കുറിച്ചാണ് (mode of attachment). നേരത്തെ ഇവിടെ അവതരിപ്പിച്ചതിൽനിന്ന് വ്യത്യസ്തമായി ഒരു ചെറിയ ഭേദഗതി ബില്ലിൽ വരുത്താനുള്ള സാഹചര്യമുണ്ടായി, എല്ലാവരുമായി

കൂടിയാലോചിച്ചാണ് അങ്ങനെയൊരു ഭേദഗതി വരുത്താനുള്ള തീരുമാനം സബ്ജക്ട് കമ്മിറ്റി കൈക്കൊണ്ടത്. മദർ ബില്ലിൽനിന്ന് വ്യത്യസ്തമായി പ്രൊപ്പോഷണേറ്റായി മാറണം ("സ്ഥാവര വസ്തുക്കളുടെ ജപ്തി കുടിശ്ശിക തുകയ്ക്ക് ആനുപാതികമായിരിക്കേണ്ടതാണ്") എന്ന തീരുമാനമെടുക്കാനാണ് നിർദ്ദേശിച്ചത്. ഒരാൾക്ക് പത്ത് ലക്ഷം രൂപയുടെ ബാധ്യതയുണ്ടെങ്കിൽ, അയാളുടെ കൈവശം ഒറ്റ സർവെ നമ്പറിൽ ഒരേക്കർ വരുന്ന ഭൂമിയാണ് ഉള്ളതെങ്കിൽ, ഭൂമിയുടെ പ്രത്യേകമായ ഏതെങ്കിലും വില നോക്കി ഏറ്റെടുക്കാൻ സാധിക്കില്ല എന്ന് മദർ ബില്ലിൽ പറയുന്നുണ്ട്. 1968-ലെ ആക്ടുപ്രകാരം 36-ാം വകുപ്പനുസരിച്ച്, അത്തരമൊരു സാഹചര്യത്തിൽ കൈവശമുള്ള മുഴുവൻ ഭൂമിയും അറ്റാച്ചുചെയ്യേണ്ടതും അത് ജപ്തി നടപടികൾക്ക് വിധേയമാക്കേണ്ടതുമാണ്. സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതിയോടെ 36-ാം വകുപ്പിനെ നമ്മൾ ഇപ്പോൾ പുതുക്കി നിശ്ചയിക്കുകയാണ്. ഭേദഗതി ചെയ്ത പ്രകാരമുള്ള 36-ാം വകുപ്പ് പ്രകാരം ഒരു ഭൂമി ഏറ്റെടുത്താൽ, ആ ഭൂമിയുടെ വില കുടിശ്ശിക തുകയെക്കാൾ വളരെ കൂടുതലാണെന്ന് തോന്നുന്ന പക്ഷം, കുടിശ്ശികക്കാരനായ

ആൾക്ക് ഈ വിഷയം കാണിച്ചുകൊണ്ട് കളക്ടർക്ക് പ്രത്യേകമായ അപേക്ഷ കൊടുക്കാനും, ആ അപേക്ഷയെ ഉത്തമവിശ്വാസത്തോടെ പരിശോധിച്ച്, ജപ്തിചെയ്ത ഭൂമിയുടെ ന്യായവിലയും അതിലെ നിർമ്മിതികളുടെ വിലയും ഉൾപ്പെടെ കണക്കാക്കിക്കൊണ്ട്, അറ്റാച്ച്ചെയ്ത ഭൂമിയെ ആ വിലയ്ക്ക് തുല്യമായ മൂല്യമുള്ള വസ്തുവായി മാറ്റാൻ അവസരം ലഭ്യമാകുന്നു. ഇത്തരത്തിൽ ഒരു ഭേദഗതി 36-ാം വകുപ്പിൽ തീരുമാനിച്ചതോടെ ഈ വിഷയത്തിൽ നിലവിലുള്ള വലിയ പ്രശ്നങ്ങൾ ഒഴിവായിക്കിട്ടും. സാധാരണയായി ജപ്തി നടപടി കഴിയുമ്പോൾ കുടിശ്ശിക തുക മാത്രം അടയ്ക്കുന്ന സ്ഥിതിയാണ് തൊണ്ണൂറ് ശതമാനം കേസ്സുകളിലും ഉണ്ടാകുന്നത്. കൂടുതൽ ഭൂമി ജപ്തി ചെയ്തുവെന്ന പരാതിയുള്ളവർക്ക് ആവശ്യമായ ഭൂമിയിൽ ജപ്തി പരിമിതപ്പെടുത്താൻ കളക്ടർക്ക് അവകാശം നൽകുന്ന വിധത്തിൽ 36-ാം വകുപ്പിൽ ഭേദഗതി വരുത്തിയത്, കുടിശ്ശികക്കാരന് വളരെയധികം സഹായം ചെയ്യുന്ന ഒരു നടപടിയായിത്തീരും. ആക്ടിന്റെ 44-ാം വകുപ്പിലും ഭേദഗതി ഉണ്ടാകാൻ പോകുകയാണ്; ഒരു ഭൂമി ജപ്തിചെയ്താൽ, പ്രസ്തുത ഭൂമി

ലേലംകൊള്ളുന്നതിനുമുമ്പ് അതിലെ കുടിശ്ശിക ഒഴിവാക്കുകയല്ലാതെ ഭൂമിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിലുള്ള ക്രയവിക്രയം നടത്തുന്നതിന് സാധാരണ നിലയിൽ അനുവാദമില്ല. എന്നാൽ ഈ വകുപ്പിലെ പുതിയ ഭേദഗതിയോടെ, കുടിശ്ശികക്കാരന് ജപ്തി ചെയ്തിരിക്കുന്ന വസ്തു മുഴുവനായോ ഭാഗികമായോ വിൽക്കുന്നതിന് ഒരു കച്ചവടക്കാരനുമായി കരാറിൽ ഏർപ്പെടാനും, വിൽക്കുന്നയാളും വാങ്ങുന്നയാളും തമ്മിൽ യോജിച്ച് കളക്ടർക്ക് ഒരു അപേക്ഷ സമർപ്പിച്ച് അനുവാദം വാങ്ങിയാൽ, ആധാരം രജിസ്ട്രേഷനുമുമ്പ് വസ്തു വാങ്ങുന്നയാൾ മുഴുവൻ റിക്കവറി കുടിശ്ശികയും പലിശയും മറ്റ് ചാർജ്ജുകളും ഒടുക്കി രസീത് കളക്ടർക്ക് മുമ്പാകെ ഹാജരാക്കി അതുവഴി അദ്ദേഹത്തിന് ജപ്തിചെയ്ത ഭൂമി തിരിച്ചെടുക്കാനും സാധിക്കുന്നുണ്ട്. *(6. 44 "(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വീഴ്ചക്കാരനും വസ്തു വാങ്ങുന്ന ആളും സംയുക്തമായി സമർപ്പിക്കുന്ന അപേക്ഷയിൽ, കളക്ടറിൽ നിന്ന് അനുമതി ലഭിച്ചതിന് ശേഷം, ജപ്തി ചെയ്തിരിക്കുന്ന സ്ഥാവര വസ്തു പൂർണ്ണമായോ ഭാഗികമായോ വിൽക്കുന്നതിനുള്ള കരാർ ഉണ്ടാക്കാൻ വീഴ്ചക്കാരനെ അനുവദിക്കാവുന്നതാണ്. വാങ്ങുന്ന ആൾ തീറാധാരത്തിൽ ഏർപ്പെടുന്നതിന്*

*മുൻപ്, പ്രസ്തുത കരാർ പ്രകാരമുള്ള വിൽപന പ്രതിഫലത്തിൽ നിന്ന് പലിശ സഹിതമുള്ള നികുതി കുടിശ്ശികയും മറ്റ് ചാർജ്ജുകളും വില്ലേജ് ഓഫീസിലോ ട്രഷറിയിലോ ചലാൻ മുഖേന അടയ്ക്കേണ്ടതും അസ്സൽ രസീത് കളക്ടർ മുമ്പാകെ ഹാജരാക്കേണ്ടതുമാണ്.")*, ആക്ടിലെ 50-ാം വകുപ്പിലും ഭേദഗതിയുണ്ട്, ഞാൻ എല്ലാ ഭേദഗതികളും വിശദീകരിക്കുകയല്ല, ജപ്തിചെയ്ത ഭൂമി Bought-in-Land ആയി നോട്ടിഫൈ ചെയ്താൽ സാധാരണ നിലയിൽ ഉണ്ടാകുന്ന കുടിശ്ശിക തീർക്കാൻ ഏതെങ്കിലും ഒരു പോർഷൻ മാത്രമായി വിൽക്കാനുള്ള അനുവാദം നൽകുന്നതിന് നേരത്തെ സാഹചര്യമുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ Bought-in-Land ആയി മാറ്റിക്കഴിഞ്ഞ ഭൂമി ഏതെങ്കിലും സ്ഥാപനത്തിന്റെ പേരിലേയ്ക്ക് കൊടുക്കേണ്ടിവന്നാലും, പ്രസ്തുത സ്ഥാപനത്തിന് 5 വർഷക്കാലത്തേയ്ക്ക്, സർക്കാർ ഒരു തീരുമാനം പറയുന്നതുവരെയും ഒരാൾക്കും കൈമാറാൻ വ്യവസ്ഥയില്ല. Bought-in-Land ആയിക്കഴിഞ്ഞ ഭൂമി സർക്കാരിലേയ്ക്ക് 10 പൈസയ്ക്ക് വാങ്ങിവച്ചാൽ ആ സ്ഥാപനത്തിന് അതിൽ പ്രത്യേക ഉത്തരവാദിത്വമൊന്നും ഉണ്ടായിരുന്നില്ല, എന്നുമാത്രമല്ല, ആ വസ്തു ഏതെങ്കിലും വിധത്തിൽ അഞ്ച് കൊല്ലത്തെ കാലാവധി നിശ്ചയിച്ച്

പണമടയ്ക്കാൻ കുടിശ്ശികക്കാരന് അനുവാദം കൊടുക്കുന്ന രീതിയിലായിരുന്നില്ല നേരത്തേയുള്ള നിയമം. എന്നാൽ ഇപ്പോൾ അഞ്ച് വർഷക്കാലത്തേയ്ക്ക് പണം അടച്ച് കുടിശ്ശികക്കാരന് ആ ഭൂമി തിരിച്ചെടുക്കാൻ അനുവാദം നൽകുന്നുവെന്ന വളരെ പ്രസക്തമായ മാറ്റം ഭേദഗതിയിൽ കാണാൻ കഴിയും. അതുമാത്രമല്ല, ജപ്തി ചെയ്യപ്പെട്ട ഭൂമി Bought-in-Land ആയി ഏറ്റെടുക്കുന്ന ഘട്ടത്തിൽ അർഹമായ പണംതന്നെ കുടിശ്ശികക്കാരന് കിട്ടുമെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് LARR-2013 (Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement Act-2013)-ന്റെ സെക്ഷൻ 26(1)(b) [Determination of market value of land by Collector], സെക്ഷൻ 27 [Determination of amount of compensation] എന്നീ വകുപ്പുകൾ ഉപയോഗിച്ചുകൊണ്ടുള്ള തുക കണക്കാക്കാം. Bought-in-Land ആക്കി മാറ്റിയ ഭൂമി ലേലം ചെയ്യുമ്പോൾ ആരും ലേലം പിടിക്കാതെയിരിക്കുന്ന അവസരത്തിൽ, ലേല തുകയേക്കാൾ ഒരു രൂപ കൂടുതലായി വച്ചുകൊണ്ട് സർക്കാർ ആ ഭൂമി ഏറ്റെടുക്കുകയോ, ഏതെങ്കിലും സ്ഥാപനത്തിനുവേണ്ടി ആ ഭൂമി കൈമാറുകയോ ചെയ്യുന്ന ഘട്ടത്തിൽ, അഞ്ച്

വർഷത്തേയ്ക്ക് ഏറ്റെടുക്കുന്ന ഭൂമി LARR-2013-ന്റെ 26(1)(b), 27 എന്നീ വകുപ്പുകൾ പ്രകാരമുള്ള വില നിശ്ചയിച്ച് ഏറ്റെടുക്കാൻ കഴിയുന്നുവെന്നതുകൊണ്ടുതന്നെ വലിയ മാറ്റങ്ങൾ അവിടെ സംഭവിക്കുന്നുണ്ട്. ഇതുവഴി അനാവശ്യമായ പണം ബാധ്യതയായി കുടിശ്ശികക്കാരന് വരില്ല എന്നത് വളരെ പ്രാധാന്യത്തോടെ നാം കാണേണ്ടതാണ്. ഒരു സ്ഥാവര വസ്തു സർക്കാരിന്റെയോ KERALA REVENUE RECOVERY BILL-ന്റെ സെക്ഷൻ 71 പ്രകാരം നോട്ടിഫൈ ചെയ്ത സ്ഥാപനത്തിന്റെയോ പേരിൽ ലേലം ഏറ്റെടുത്താൽ, ജില്ലാ കളക്ടർ LARR-2013-ന്റെ നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത വസ്തുവിന്റെ മൂല്യം നിശ്ചയിച്ച്, പ്രസ്തുത തുക കുടിശ്ശിക തുകയിൽനിന്നും കുറവ് വരുത്തേണ്ടതാണ് എന്ന് കൃത്യതയോട ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നേരത്തെയുള്ള കടം/കുടിശ്ശിക സംഖ്യ വസ്തുവിന്റെ കണക്കാക്കപ്പെട്ട തുകയേക്കാൾ കുറവാണെങ്കിൽ ബാക്കിവരുന്ന സംഖ്യ കുടിശ്ശികക്കാരന് തിരിച്ചുകൊടുക്കാനും, അഥവാ കുടിശ്ശിക തുക കൂടുതലാണെങ്കിൽ അത് കിഴിവ് ചെയ്തുള്ള തുകമാത്രം കുടിശ്ശികയായി

ഉൾപ്പെടുത്താനും കഴിയുന്ന വിധത്തിലുള്ള നടപടിക്രമങ്ങളും വളരെ കൃത്യതയോടെ ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

'50 എ' എന്നത് പുതിയതായി ഉൾപ്പെടുത്തിയ സെക്ഷനാണ് ("50 എ -ബോട്ട് -ഇൻ-ലാൻഡ് തിരികെ നൽകൽ"). സെയിൽ കൺഫർമേഷൻ നടത്തിയ തീയതി മുതൽ 5 വർഷത്തിനുള്ളിൽ, കുടിശ്ശികക്കാരന് മുഴുവൻ കുടിശ്ശികയും പ്രോസസ്സിംഗ് ചാർജ്ജും പലിശയും ചേർന്ന തുക ജില്ലാ കളക്ടറുടെ അനുമതിയോടെ ഒടുക്കി, Bought-in-Land ആയി ഏറ്റെടുത്ത വസ്തു തിരികെ ലഭിക്കുന്നതിന് അപേക്ഷകൊടുക്കാൻ കഴിയുന്നവിധത്തിൽ, വളരെ ശ്രദ്ധേയമായ ഒരു നടപടിയും ഭേദഗതിയുടെ ഭാഗമായി കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട് എന്നതും സഭയെ അറിയിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങേയ്ക്ക് ഇനിയും കുറച്ചധികം സമയം വേണ്ടതുണ്ടോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ഞാൻ പത്ത് മിനിട്ടിനകം അവസാനിപ്പിക്കാം. '71-ാം വകുപ്പ് പ്രകാരം സർക്കാർ നോട്ടിഫൈ ചെയ്ത സ്ഥാപനങ്ങളുടെ പേരിൽ ഭൂമി, Bought-in-Land ആയി വാങ്ങാവുന്നതാണ് എന്ന് 50-ാം വകുപ്പിൽ

കൊണ്ടുവന്ന ഭേദഗതി ഒഴിവാക്കേണ്ടതാണ് എന്നാണ് ഇവിടെ പലരും പറഞ്ഞിരിക്കുന്നത്, അഥവാ ഭേദഗതികളിൽ ഒരു വലിയ ശതമാനവും ഉയർത്തിക്കാണിക്കുന്നത് അതാണ്. നിയമത്തിൽ വ്യവസ്ഥ ഇല്ലെങ്കിൽക്കൂടിയും സ്ഥാപനങ്ങൾക്ക് ലഭിക്കാനുള്ള കുടിശ്ശിക ഈടാക്കാനായി നിലവിലും സ്ഥാപനങ്ങളുടെ പേരിൽത്തന്നെയാണ് ഭൂമി Bought-in-Land ആയി വാങ്ങുന്നത്. കേരള ഹൈക്കോടതിയുടെ ഒരു വിധിയാണ് ഇതിന് കാരണമായിട്ടുള്ളത്. സ്ഥാപനങ്ങളുടെ പേരിലുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനായി സർക്കാരിന്റെ പേരിലാണ് നേരത്തെ Bought-in-Land ആയി ഭൂമി വാങ്ങിയിരുന്നത്, എന്നാൽ കോടതി വിധിയെത്തുടർന്ന് ഭൂമി സ്ഥാപനങ്ങളുടെ പേരിൽത്തന്നെ വാങ്ങേണ്ടുന്ന സാഹചര്യമാണ് നിലവിലുമുള്ളത്. നേരത്തെയുള്ള നടപടിക്രമത്തിൽ ഭൂമി സർക്കാരിന്റെ ഉടമസ്ഥതയിൽ ആകുമെങ്കിലും സ്ഥാപനത്തിന് കിട്ടാനുള്ള കുടിശ്ശിക ലഭിക്കില്ലായിരുന്നു. ഇക്കാരണങ്ങൾ പരിഗണിച്ച കേരള ഹൈക്കോടതി, സ്ഥാപനങ്ങളുടെ പേരിലുള്ള കുടിശ്ശിക ഈടാക്കുന്ന നടപടി സ്വീകരിക്കുമ്പോൾ, ഭൂമി വാങ്ങേണ്ടത് സ്ഥാപനങ്ങളുടെ പേരിൽ തന്നെയായിരിക്കണമെന്ന്

നിരവധി കേസ്സുകളിൽ നിർദേശിക്കുകയുണ്ടായി. ഇതിൽ എറ്റവും പ്രധാനപ്പെട്ടത് 'സുബൈദ ബീവി vs ജില്ലാ കളക്ടർ (District Collector vs Subaida Beevi on 18 February, 2010)' എന്ന കേസിൽ കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പറഞ്ഞിരിക്കുന്ന വിധിപ്രസ്താവമാണ്. പ്രസ്തുത വിധിയിലൂടെ, ഭൂമി സ്ഥാപനത്തിന്റെ പേരിൽ മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന അവസ്ഥ സംജാതമായതോടൊപ്പം, നേരത്തെ സർക്കാരിന്റെ പേരിൽ വാങ്ങിയ നടപടി റദ്ദാക്കപ്പെടുകയുംകൂടി ചെയ്ത സാഹചര്യത്തിൽ, സർക്കാർ അപ്പീലിന് പോകുകയുണ്ടായി, അപ്പീലിൽ കോടതി വിധിച്ചത് ഇപ്രകാരമാണ്, "...If that be so, in Section 50(2), the words, 'on behalf of the Government' should be read as 'on behalf of the institution concerned'. Therefore, if there was no bidders, the Revenue Recovery Officer could have purchased the property on behalf of the second respondent Bank only..". പ്രസ്തുത വിധിയെത്തുടർന്ന് സമീപകാലത്ത്, 2024-ൽ ജി. കൃഷ്ണൻ കുട്ടി vs സ്റ്റേറ്റ് ഓഫ് കേരള എന്ന ഒരു പൊതുതാൽപര്യ ഹർജി ഫയൽ ചെയ്യപ്പെടുകയും, അതിൽ ഹൈക്കൊടതി വിധി 'സുബൈദാ

ബീവി കേസിന്റെ' വിധിയിലെ അഭിപ്രായ പ്രകടനങ്ങൾക്ക് സമാനമാകുകയും ചെയ്തു. ഈ വിധിക്കെതിരെ അപ്പീൽ സമർപ്പിക്കാനായി, ബില്ലിലെ ഭേദഗതികൾ ചർച്ച ചെയ്യുന്ന സമയത്തുതന്നെ അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം ചോദിച്ചെങ്കിലും, പ്രസ്തുത കേസിൽ അപ്പീൽ സാധ്യത ഇല്ലെന്ന നിയമോപദേശമാണ് ലഭ്യമായത്. പ്രസ്തുത സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഇത്തരം ഒരു ഭേദഗതികൂടി ഉൾപ്പെടുത്താനുള്ള തീരുമാനത്തിലേയ്ക്ക് എത്തിച്ചേർന്നത്. കുടിശ്ശികക്കാരനോടും അവരുടെ ജീവിതസ്ഥിതികളോടും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ അംഗീകരിക്കുന്നതുവഴി ചരിത്രപ്രസിദ്ധമായ ഒരു മാറ്റത്തിന് വഴിവെയ്ക്കാനാകുമെന്നതാണ് പ്രധാനപ്പെട്ട കാര്യം. ചർച്ചയിൽ മറ്റു പല വിമർശനങ്ങളും വന്നുവെങ്കിലും ഈ ഭേദഗതി സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള വിമർശനം ആരും ഉന്നയിച്ചിട്ടില്ല. മാത്രമല്ല 12 ശതമാനത്തിൽനിന്നും 9 ശതമാനത്തിലേയ്ക്ക് പലിശ കുറയുന്നു എന്നതും കണക്കിലെടുക്കേണ്ടതാണ്. ഫെയർവാല്യൂവിന്റെ അടിസ്ഥാനത്തിൽ അറ്റാച്ച്മെന്റ് ചെയ്യപ്പെട്ട വസ്തു കൂടുതലാണെന്ന് കുടിശ്ശികക്കാരന്

തോന്നുന്നപക്ഷം ഒരു അപേക്ഷ സമർപ്പിച്ചാൽ ഫെയർ വാല്യൂവിന്റെയും മറ്റ് ചമയങ്ങളുടെയും അടിസ്ഥാനത്തിൽ വിലയ്ക്ക് തുല്യമായ വസ്തു മാത്രമേ അറ്റാച്ച് ചെയ്യാൻ പാടുള്ളൂവെന്ന് ഭേദഗതിയിൽ പറയുന്നുണ്ട്. അറ്റാച്ച് ചെയ്യപ്പെട്ട വസ്തു Bought-in-Land-ലേയ്ക്ക് മാറുമ്പോൾ അങ്ങനെ ഏറ്റെടുക്കുന്ന വസ്തുവിന് LARR Act 2013-ന്റെ വകുപ്പ് 26(1)(b), വകുപ്പ് 27 എന്നിവ പ്രകാരം ന്യായമായ വിലകിട്ടുന്ന വസ്തു മാത്രമേയുള്ളൂവെന്ന് ഉറപ്പുവരുത്തുന്നു. അറ്റാച്ച്മെന്റിനും Bought-in-Land-നുമിടയിൽ ഏതെങ്കിലും വിധത്തിൽ മറ്റൊരാൾക്ക് മൊത്തമായോ ഭാഗികമായോ ഈ വസ്തു വിൽക്കാൻ സാധിക്കുമെങ്കിൽ അത് വിൽക്കുന്നതിന് കളക്ടറുടെ പ്രത്യേക അധികാരത്തിന്റെ പുറത്ത് അവകാശം കൊടുക്കും. Bought-in-Land ആയി ഏറ്റെടുക്കുന്ന വസ്തുവിൽ 5 വർഷത്തിനുള്ളിൽ പണമടയ്ക്കാൻ സാധിച്ചാൽ അവർക്ക് വസ്തു തിരിച്ചുനൽകും. Bought-in-Land ഏറ്റെടുത്ത വസ്തുവിന്റെ കുടിശ്ശികക്കാരനായ വ്യക്തി മരിച്ചുപോയാൽ അവരുടെ legal heirs-ന് അതിലിടപെടാൻ അവസരം കൊടുക്കുന്നു. നിയമനിർമ്മാണസഭയിൽ അഭിമാനകരമായിട്ടുള്ള ഒരു അധ്യായമായി ഇതിനെ മാറ്റുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, നികുതി വസൂലാക്കൽ ഭേദഗതി ബില്ലിന്മേൽ നടക്കുന്ന ചർച്ചയാണിത്. 'കൊടക്കൽ ടൈൽ ഫാക്ടറി'-യുടെ സ്ഥലം വിലയ്ക്കുവാങ്ങി വിതരണം നടത്തിയതിൽ പട്ടയം ലഭ്യമായിട്ടും ഇതുവരെ നികുതി അടയ്ക്കാൻ കഴിഞ്ഞിട്ടില്ല. അവരിൽനിന്ന് എത്രയും വേഗത്തിൽ നികുതി വസൂലാക്കാനുള്ള സംവിധാനമൊരുക്കുമോ എന്നറിയേണ്ടതുണ്ട്.

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് 50 വർഷക്കാലത്തിനിടയിൽ 'കൊടക്കൽ ടൈൽ ഫാക്ടറി'-യിലെ മിച്ചഭൂമിയിൽനിന്നും ലഭ്യമായിട്ടുള്ള ഭൂമി അവിടത്തെ സാധാരണക്കാർക്ക് നൽകിയ പ്രശ്നമാണ്. ഭൂമിയുടെ നികുതി അടവുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിൽ ബുദ്ധിമുട്ടുണ്ടോയെന്ന കാര്യം സർക്കാർ പരിശോധിക്കാം. ഞാൻ അംഗത്തോടും നിയമസഭയോടും ഒരു കാര്യം ഉറപ്പിച്ച് പറയുന്നു. നികുതി എന്നത് ഉടമസ്ഥാവകാശവുമായി ബന്ധമുള്ള കാര്യമല്ല. ഏതെങ്കിലും വിധത്തിൽ നികുതി അടച്ചതുകൊണ്ട് ടൈറ്റിലിൽ പ്രത്യേകമായ അവകാശം കിട്ടാത്തിടത്തോളം കാലം ഭൂമിയുടെ നികുതി അടയ്ക്കുന്നതിൽനിന്നും ഒരാളെയും തടയാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ഇക്കാര്യത്തിൽ സുപ്രീംകോടതിയുടെ

പ്രസക്തമായ നിർദ്ദേശമുണ്ട്. സഭ പിരിയുന്നതിന് മുമ്പുതന്നെ കൊടക്കൽ ടൈൽ ഫാക്ടറിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നം എന്താണെങ്കിലും അത് പരിഹരിക്കാനാവശ്യമായ നടപടികളെടുക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

രണ്ട് കാര്യങ്ങളുംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഭേദഗതി ബില്ലിനെ ഒരുവിധത്തിലും എതിർക്കാൻ കഴിയാത്തതുകൊണ്ടോ, അല്ലെങ്കിൽ ആ ബില്ലിൽ മാറ്റപ്പെടേണ്ടതായിട്ടുള്ള ഒന്നുമില്ലെന്ന് ഉറപ്പുവരുത്തിയതുകൊണ്ടോ, ഞങ്ങളെല്ലാവരും അതിനെക്കുറിച്ച് ചർച്ച ചെയ്തതുകൊണ്ടോ വിയോജനക്കുറിപ്പ് അവതരിപ്പിച്ച അംഗങ്ങളെല്ലാം ഇവിടെ മറ്റ് വിഷയങ്ങളാണ് സൂചിപ്പിച്ചത്. ഒരുകാര്യം അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ഞാൻ പറയാം. ചരിത്രത്തിൽ ഒരു പക്ഷേ ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ കറപ്ഷനുള്ള ഒരു സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. ഉദ്യോഗസ്ഥർക്കിടയിൽ അത്തരം അഴിമതിയുമായി ബന്ധപ്പെട്ട സംഭവമുണ്ടാകാം. പക്ഷേ അത്തരം സംഭവങ്ങളെ ഒരു കാരണവശാലും വച്ചുപൊറുപ്പിക്കാനോ ഏതെങ്കിലും ബന്ധങ്ങളുടെ പുറത്ത്

അഴിമതി നടത്തിയെന്ന് ബോധ്യപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥനെയും സഹായിക്കാനോ സംരക്ഷിക്കാനോ ശ്രമിക്കില്ലെന്ന് മാത്രമല്ല, അക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടിയെടുക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. സനീഷ് കുമാർ ജോസഫ് ഇവിടെ സൂചിപ്പിച്ചതുപോലെ കൊട്ടാരക്കരയിൽ തഹസിൽദാറുമായി ബന്ധപ്പെട്ട് അഴിമതി ആരോപണങ്ങളുണ്ടായി. രഹസ്യമായും പരസ്യമായും വന്ന കത്തുകളുണ്ട്. ആരാണ് അവരെ സംരക്ഷിക്കാൻ നിൽക്കുന്നതെന്നാണ് അദ്ദേഹം സഭയിൽ ചോദിച്ചത്. പക്ഷേ അദ്ദേഹം ഉന്നയിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ച ചോദ്യം, കുറ്റക്കാരനായ ഉദ്യോഗസ്ഥനെ പിടിച്ചത് ആരാണ് എന്നായിരുന്നുവെങ്കിൽ അതിന്റെ ഉത്തരമായി മന്ത്രി ഉത്തരവിട്ടതിനെത്തുടർന്ന് റവന്യൂ വകുപ്പിന്റെ ഉദ്യോഗസ്ഥരാണ് ആ ഉദ്യോഗസ്ഥനെ പിടിക്കാൻ തീരുമാനിച്ചതെന്ന് അഭിമാനത്തോടുകൂടി പറയുമായിരുന്നു. തുടർച്ചയായ അന്വേഷണത്തിൽ കൈക്കൂലിക്കെതിരായിട്ടുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമുണ്ടാകേണ്ട കാര്യമില്ല. ലക്ഷങ്ങൾക്ക് എന്തെങ്കിലും വിലയുമുണ്ടോയെന്ന് ഇവിടെ ചോദിച്ചു.

ചരിത്രത്തിലാദ്യമായി 8 വർഷക്കാലത്തിനിടയിൽ കേരളത്തിലെ ഗവൺമെന്റ് മൂന്നേകാൽ ലക്ഷം പട്ടയങ്ങൾ കേരളത്തിലെ പാവപ്പെട്ടവന് വിതരണം ചെയ്തത് ലക്ഷങ്ങളോടും മനുഷ്യരോടും വിലയുള്ളതുകൊണ്ടാണ്.

പട്ടയമിഷൻ കേരളത്തിലാരംഭിച്ചത് ചെറിയ കാര്യമല്ല. എം.എൽ.എ.മാർ നിർദേശിച്ച എല്ലാ പ്രവർത്തനങ്ങളും അതിലുൾപ്പെടുത്തിയിട്ടുണ്ടെന്ന വിവരം ഞാൻ സ്നേഹപൂർവ്വം പറയട്ടെ. എൽ.റ്റി. പട്ടയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇവിടെ ഉന്നയിച്ചതുകൊണ്ടാണ് ഞാൻ പറയുന്നത്. അതുമാത്രമല്ല, ദീർഘകാലമായി ലാന്റ് അസൈൻമെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലൊരു പരിഹാരം കാണാനും കൂടിയാണ്. ചില സ്ഥാപനത്തിൽ എൻ.ഒ.സി. ഉണ്ടെങ്കിൽപോലും നിയമപരമായ പ്രശ്നമുള്ളതുകൊണ്ട് മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട പട്ടയങ്ങൾ കൊടുക്കാൻ സാധിക്കുന്നില്ല. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഞാനും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും വകുപ്പുദ്യോഗസ്ഥരുമായി യോഗം ചേരുകയുണ്ടായി. എത്രയോ വർഷങ്ങളായ പട്ടയ പ്രശ്നമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ളത്. അതത് സ്ഥാപനങ്ങൾ വാങ്ങിയ തനത് ഭൂമി പല പേരിൽ

അറിയപ്പെടുന്നുണ്ട്. അതിൽ 'നഗറുകൾ' എന്നറിയപ്പെടുന്ന കോളനികളും ലക്ഷംവീട് കോളനികളുമുണ്ട്. '4 സെന്റ് നഗർ' എന്ന് വിളിക്കാൻ പോകുന്ന പഴയ കോളനികളെന്ന് പേരിട്ട സ്ഥലങ്ങളുണ്ട്. ആ സ്ഥലങ്ങൾക്കെല്ലാം ഡീവെസ്റ്റ് ചെയ്യാൻ അനുവാദമില്ലെന്ന പ്രശ്നത്തെ അഭിസംബോധന ചെയ്യുമ്പോൾ relinguish ചെയ്യാൻ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തുന്ന വിധത്തിലുള്ള നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചു. എത്രയോ കാലമായി മേച്ചിൽപ്പുറം കളിസ്ഥലം തുടങ്ങി വിവിധങ്ങളായ പേരിലറിയപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള സംരക്ഷിതഭൂമി കൈമാറുന്നതിന് ഇനി തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ഡയറക്ടറേറ്റിൽ വരേണ്ടതില്ല. അതിനുവേണ്ടി ജില്ലാ കളക്ടർക്ക് ആ പവർ ഡെലിഗേറ്റ് ചെയ്യാൻ തദ്ദേശസ്വയംഭരണവകുപ്പ് നടപടിയെടുക്കാമെന്ന് മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. റോഡ് പുറമ്പോക്കുകൾ എന്നറിയപ്പെടുന്ന പ്രധാന പാതകളോ സംസ്ഥാനപാതകളോ ദേശീയപാതകളോ അല്ലാത്ത പഞ്ചായത്ത് തലങ്ങളിലെ റോഡ് പുറമ്പോക്കിന്റെ കാര്യത്തിൽ അനുകൂലമായ തീരുമാനമെടുക്കാൻ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രികൂടി പങ്കെടുത്ത യോഗത്തിൽ തീരുമാനിച്ചു. ഇത്തരത്തിലുള്ള നടപടികളുമായി മുന്നോട്ടുപോകാൻ സർക്കാർ ലക്ഷ്യം വയ്ക്കുകയാണ്. ആവശ്യമായ വിധത്തിൽ പട്ടയപ്രശ്നത്തിൽ എല്ലാവരെയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള മുന്നോട്ടുപോക്കുണ്ടാകും. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അടക്കം ഉന്നയിച്ച എല്ലാ കാര്യങ്ങളിലും വ്യക്തതയുണ്ടാക്കുന്ന വിധത്തിലുള്ള നിർദേശങ്ങളും നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഈ ഭേദഗതി ബിൽ അംഗീകരിക്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളോട് അഭ്യർഥിച്ചുകൊണ്ടും ഇതിന് മറുപടി പറയുന്ന സാഹചര്യത്തിൽ പ്രത്യേകിച്ച് തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് സൂചിപ്പിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

**നിയമനിർമ്മാണ കാര്യം:**

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും.</u>

<u>മി. സ്പീക്കർ</u>: ശ്രീ. ടി. സിദ്ദിഖ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: സഭയുടെ അനുമതിയോടുകൂടി ഭേദഗതി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri A. P. Anil Kumar: Sir, I move the following amendment.

128. In section 2(ba) proposed to be inserted in the principal Act by Clause 2(i), for the words and symbols " bought-in-land" the words and symbols " Bought-in-Land" shall be substituted

Shri K. U. Jenish Kumar: Sir, I move the following amendment.

129. In section 2(ba) proposed to be inserted in the principal Act by Clause 2(i), for the words and symbols " bought-in-land" the words " bought in land" shall be substituted.

Shri T. P. Ramakrishnan: Sir, I move the following amendment.

130. In section 2(ba) proposed to be inserted in the principal Act by Clause 2(i), the words " and includes" shall be deleted.

Shri P. Nandakumar: Sir, I move the following amendment.

131. In section 2(ba) proposed to be inserted in the principal Act by Clause 2(i), for the words " immovable property" the words " any land or building" shall be substituted.

Shri D. K. Murali: Sir, I move the following amendment.

133. In section 2(ba) proposed to be inserted in the principal Act by Clause 2(i), for the word “ purchased” the word “ acquired” shall be substituted.

DR. N. Jayaraj: Sir, I move the following amendment.

134. In section 2 (ba) proposed to be inserted in the principal Act by Clause 2 (i), for the words, symbols and figures, “ purchased onbehalf of the Government or the institution under sub-section (2) of section 50 of this Act” the words, symbols and figures, “ purchased under sub-section (2) of section 50 of this Act, on behalf of the Government or the institution notified under section 71 of this Act” shall be substituted.

DR. K. T. Jaleel: Sir, I move the following amendment.

140. In section 2 (ba) proposed to be inserted in the principal Act by Clause 2(i), the words “ or the institution” shall be deleted.

Shri K. Babu (Thripoonithura): Sir, I move the following amendment.

146. In section 2 (ba) proposed to be inserted in the principal Act by Clause 2(i) after the word “ institution” , the words “ notified under section 71 of this Act” shall be inserted.

Shri Sunny Joseph: Sir, I move the following amendment.

152. In section 2(ba) proposed to be inserted in the principal Act by Clause 2(i), the following subsection shall be inserted as (bb) and reletter existing (bb) accordingly. “ (bb) Institution means any specified Institution or any class or classes of Institutions notified under section 71 of this Act”

Shri T. I. Madhusoodanan: Sir, I move the following amendment.

153. In section 2(bb) proposed to be inserted in the principal Act by Clause 2(i), for the words “ collection charges” , the words “ collection charge” shall be substituted.

Shri A. C. Moideen: Sir, I move the following amendment.

154. In section 2(bb) proposed to be inserted in the principal Act by Clause 2(i), the words “ and includes” shall be deleted.Shri K. P. Kunhammed Kutti Master :161. In section 2 (bb) proposed to be inserted in the principal Act by Clause 2(i), the words “ by the Government” shall be deleted.

Shri K. P. Kunhammed Kutti Master: Sir, I move the following amendment.

161. In section 2 (bb) proposed to be inserted in the principal Act by Clause 2(i), the words “ by the Government” shall be deleted.

Smt. U. Prathibha: Sir, I move the following amendment.

162. In section 2 (bb) proposed to be inserted in the principal Act by Clause 2(i), the symbol and words " , for the realisation of amount under the provisions of this Act" shall be deleted.

Shri K. D. Prasenan: Sir, I move the following amendment.

163. In section 2 (bb) proposed to be inserted in the principal Act by Clause 2(i), the symbol and words " , for the realisation of amount" shall be deleted.

Shri Anwar Sadath: Sir, I move the following amendment.

164. In section 2 (bb) proposed to be inserted in the principal Act by Clause 2(i), for the word " amount" occuring after " realisation of" , the words " amounts due" shall be substituted.

Shri P. C. Vishnunadh: Sir, I move the following amendment.

165. In section 2 (bb) proposed to be inserted in the principal Act by Clause 2(i), for the word " amount" occuring after " realisation of" , the words " arrears due" shall be substituted.

Shri K. M. Sachindev: Sir, I move the following amendment.

166. Section 2 (bb) proposed to be inserted in the principal Act by Clause 2(i), shall be recast as follows :-
" (bb) " collection charges" means any amount payable by the defaulter to the Government, at such rate as may be prescribed in this behalf;"

Shri Thiruvanchoor Radhakrishnan: Sir, I move the following amendment.

167. After section 2(bb) proposed in the principal Act by Clause 2(i), following subsection shall be inserted" (bc) " Institution" means any specified Institution or any class or classes of Institutions notified under section 71 of this Act" .

Shri A. Raja: Sir, I move the following amendment.

170. In section 2(d) (ii) of the principal Act for the words " the expenses" , the words " any expenses" shall be substituted.

Shri P. Ubaidulla: Sir, I move the following amendment.

181. In section 2(fa) proposed to be inserted in the principal Act by Clause 2(iii), for the words " online mode" , the words " online method" shall be substituted.

Shri Roji M. John: Sir, I move the following amendment.

186. In section 2 (ia) proposed to be inserted in the principal Act by Clause 2(iv), for the word " institution" , the words " any specified Institution for any class or classes of institutions" shall be substituted.

Dr. Sujith Vijayanpillai: Sir, I move the following amendment.

193. In section 2 (ia) proposed to be inserted in the principal Act by Clause 2(iv), for the words “ in the” the words “ at the” shall be substituted.

Shri T. J. Vinod: Sir, I move the following amendment.

194. In section 2 (ia) proposed to be inserted in the principal Act by Clause 2(iv), for the word “ realisation” , the word “ recovery” shall be substituted.

മി. സ്പീക്കർ: 155 മുതൽ 159 വരെയുള്ള ഭേദഗതികൾ 154-ാം നമ്പർ ഭേദഗതിക്കും 171-ാം നമ്പർ ഭേദഗതി 170-ാം നമ്പർ ഭേദഗതിക്കും 182 മുതൽ 184 വരെയുള്ള ഭേദഗതികൾ 181-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Shri Saneeshkumar Joseph: Sir, I move the following amendment.

197. In section 6 proposed to be amended in the principal Act by Clause 3(i), for the word " nine" , the word " five" shall be substituted.

Shri Kurukkoli Moideen: Sir, I move the following amendment.

198. In section 6 proposed to be amended in the principal Act by Clause 3(i), for the word "nine", the word "five" shall be substituted.

Shri T. Siddique: Sir, I move the following amendment.

217. In section 6 proposed to amended in the principal Act by Clause 3(i), for the word "nine", the word "eight" shall be substituted.

Shri Sajeev Joseph: Sir, I move the following amendment.

222. In the proviso to section 6 proposed to be inserted in the principal Act by Clause 3(ii), after the words "and the institution" the words "but not exceeding nine percent" shall be inserted.

Shri Thiruvanchoor Radhakrishnan: Sir, I move the following amendment.

224. The proviso to section 6 proposed to be inserted in the principal Act by Clause 3(ii) shall be recast as follows:
"Provided that, in cases where the recovery is initiated upon the application of the Institution notified under section 71 of this Act, the interest rate shall be the contractual rate of interest, if any, entered into between the defaulter and the institution up to a maximum limit of five percent".

Shri K. Babu (Thripoonithura): Sir, I move the following amendment.

225. The proviso to section 6 proposed to inserted in the principal Act by Clause 3(ii) shall be recast as follows:

Shri A. P. Anil Kumar: Sir, I move the following amendment.

227. The proviso to section 6 proposed to be inserted in the principal Act by Clause 3(ii) shall be recast as follows :
" Provided that, in cases where the recovery is initiated upon the application of the Institution notified under section 71 of this Act, the interest rate shall be the contractual rate of interest, if any, entered into between the defaulter and the institution up to a maximum limit of seven percent" .

മി. സ്പീക്കർ: 199 മുതൽ 203 വരെയുള്ള ഭേദഗതികൾ 198-ാം നമ്പർ ഭേദഗതിക്കും 218, 219 എന്നീ നമ്പർ ഭേദഗതികൾ 217-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 197-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാലാം വകുപ്പ്</u>

<u>Shri A. K. M. Ashraf</u>: Sir, I move the following amendment.

244. In section 12(1) proposed to be amended in the principal Act by Clause 4(ii), after the words " in a" , the word " vernacular" shall be inserted.

<u>DR. N. Jayaraj</u>: Sir, I move the following amendment.

255. In section 12 (1) proposed to be amended in the principal Act by Clause 4(ii), after the word " having" , the word " wider" shall be inserted.

മി. സ്പീക്കർ: 245 മുതൽ 248 വരെയുള്ള ഭേദഗതികൾ 244-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

DR. N. Jayaraj: Sir, I move the following amendments.

257. In section 36 (3) proposed to be inserted in the principal Act by Clause 5, after the word " defaulter" , the words " or his legal heir" shall be inserted.

265. In section 36 (3) proposed to be inserted in the principal Act by Clause 5, for the word " collector" , the word " Collector" shall be substituted wherever it occurs.

271. In section 36(3) proposed to be inserted in the principal Act by Clause 5, for the words " arrear can be collected by" the words " sale proceeds can be adjusted against all the dues upon" shall be substituted.DR. N. Jayaraj :

272. In section 36(3) proposed to be inserted in the principal Act by Clause 5, after the words " such portion of the property" the words " and the balance shall be returned to the defaulter or his legal heir" shall be inserted.

Shri Sunny Joseph: Sir, I move the following amendment.

266. In section 36 (3) proposed to be inserted in the principal Act by Clause 5, for the words " attachment on a portion" the words " attachment to a portion" shall be substituted wherever it occurs.

Smt. Kanathil Jameela: Sir, I move the following amendment.

270. In section 36 (3) proposed to be inserted in the principal Act by Clause 5, for the words " on a portion of such property" the words " on such property proportionate to the arrear amount" shall be substituted.

Shri P. P. Chitharanjan: Sir, I move the following amendment.

277. Section 36(3) proposed to be inserted in the principal Act by Clause 5 shall be recast as follows:
" (3) The defaulter may request the Collector concerned to limit the attachment of immovable property and improvements if any proportionate to the defaulted amount including stipulated charges. In such cases the Collector shall fix the fair value of such property and value of improvements if any in accordance with the provisions contained in this Act and the Kerala stamp Act, 1959 (Act 17 of1959) and limit the attachment accordingly."

മി. സ്പീക്കർ: 263, 264 എന്നീ നമ്പർ ഭേദഗതികൾ 265-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 265, ശ്രീ. സണ്ണി ജോസഫ്

അവതരിപ്പിച്ച 266 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 257, 271, 272 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

DR. N. Jayaraj: Sir, I move the following amendment.

279. In section 44(4) proposed to be inserted in the principal Act by Clause 6, after the word " defaulter" , the words " or his legal heir" shall be inserted wherever it occurs.

Shri H. Salam: Sir, I move the following amendment.

286. In section 44(4) proposed to be inserted in the principal Act by Clause 6, for the words " The purchaser" , the words " The parties of the agreement" shall be substituted.

Shri Job Maichil: Sir, I move the following amendment.

287. In section 44(4) proposed to be inserted in the principal Act by Clause 6, before the words " revenue recovery" , the word " entire" shall be inserted.

Shri P. C. Vishnunadh: Sir, I move the following amendments.

288. In section 44(4) proposed to be inserted in the principal Act by Clause 6, after the word " challan" , the words and symbol " or e-challan" shall be inserted.

302. In section 44(4) proposed to be inserted in the principal Act by Clause 6, after the words " original receipt" , the words and symbol " or e-challan receipt generated online" shall be inserted.

ശ്രീ. പി. സി. വിഷ്ണുനാഥ്: 288-ാം ഭേദഗതിയിൽ section 44(4)-ൽ" challan" എന്ന വാക്കിനുശേഷം " or e-challan" എന്ന വാക്കുകൂടി ചേർക്കണം.

മി. സ്പീക്കർ: 289 മുതൽ 291 വരെയുള്ള ഭേദഗതികൾ 288-ാം നമ്പർ ഭേദഗതിക്കും 300, 301, 303, 307 എന്നീ നമ്പർ ഭേദഗതികൾ 302-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 288, 302 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

Shri P. Ubaidulla: Sir, I move the following amendment.

317. In section 49(2) proposed to be amended in the principal Act by Clause 7(ii), after the words " in a" , the word " Malayalam" shall be inserted.

Shri Saneeshkumar Joseph: Sir, I move the following amendment.

326. In section 49(2) proposed to be amended in the principal Act by Clause 7(ii), after the word " newspaper" , the words " in vernacular language" shall be inserted.

DR. N. Jayaraj: Sir, I move the following amendment.

328. In section 49(2) proposed to be amended in the principal Act by Clause 7(ii), after the word " having" , the word " wider" shall be inserted.

Shri K. V. Sumesh: Sir, I move the following amendment.

334. In section 49 (2) proposed to be amended in the principal Act by Clause 7(ii), for the words " takes place or both" , the words " or both take place" shall be substituted.

Shri T. Siddique: Sir, I move the following amendment.

335. In section 49 (2) proposed to be amended in the principal Act by Clause 7(ii), after the words " District Administration" , the words " and Local Self Government Institution" shall be inserted.

മി. സ്പീക്കർ: 318 മുതൽ 320 വരെയുള്ള ഭേദഗതികൾ 317-ാം നമ്പർ

ഭേദഗതിക്കും 327-ാം നമ്പർ ഭേദഗതി 326-ാം നമ്പർ ഭേദഗതിക്കും 336-ാം

നമ്പർ ഭേദഗതി 335-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 328-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 335-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

DR. N. Jayaraj: Sir, I move the following amendments.

348. In section 50(2)(i) proposed to be amended in the principal Act by Clause 8(2)(a), after the word " Act" , the symbols and words " ,as the case may be," shall be inserted.

355. In section 50 (2)(ii) proposed to be amended in the principal Act by Clause 8 (2)(b)(ii), after the word " Act" , the symbols and words " ,as the case may be," shall be inserted.

363. In section 50(4) proposed to be amended in the principal Act by Clause 8(4)(b), after the figure " 71" , the words " of this Act" shall be inserted.

371. In section 50(5) proposed to be inserted in the principal Act by Clause 8(5), for the word " village" , the word " revenue" shall be substituted.

373. In section 50(5) proposed to be inserted in the principal Act by Clause 8(5), after the word " defaulter" , the words " or his legal heir" shall be inserted.

Shri Sajeev Joseph: Sir, I move the following amendment.

350. In section 50 (2)(ii) proposed to be amended in the principal Act by Clause 8 (2)(b)(i), the words " or the institution notified under section 71 of this Act" shall be deleted.

Shri A. P. Anil Kumar : Sir, I move the following amendments.

356. Clause 8 (3) shall be deleted.
360. Clause 8 (4)(a) shall be deleted.

Shri Thiruvanchoor Radhakrishnan: Sir, I move the following amendment.

361. Clause 8(4)(b) shall be deleted.

Shri Sunny Joseph: Sir, I move the following amendment.

369. In section 50(4) proposed to be amended in the principal Act by Clause 8(4)(b), for the word " realizing" , the word " realising" shall be substituted.

Shri Anwar Sadath: Sir, I move the following amendments.

374. In section 50(5) proposed to be inserted in the principal Act by Clause 8(5), after the words " office concerned" , the words " within a month" shall be inserted.

377. In section 50(5) proposed to be inserted in the principal Act by Clause 8(5), for the word " form" , the words " time limit and such form" shall be substituted.

Shri T.V. Ibrahim: Sir, I move the following amendment.

378. In section 50(6) proposed to be inserted in the principal Act by Clause 8(5), for the word " Collector" , the words " District Collector" shall be substituted.

മി. സ്പീക്കർ: 351-ാം നമ്പർ ഭേദഗതി 350-ാം നമ്പർ ഭേദഗതിക്ക് തുല്യവും 357-ാം നമ്പർ ഭേദഗതി 356-ാം നമ്പർ ഭേദഗതിക്ക് തുല്യവും 358, 359 എന്നീ നമ്പർ ഭേദഗതികൾ 360-ാം നമ്പർ ഭേദഗതിക്ക് തുല്യവും 362-ാം നമ്പർ ഭേദഗതി 361-ാം നമ്പർ ഭേദഗതിക്ക് തുല്യവും 370-ാം നമ്പർ ഭേദഗതി

369-ാം നമ്പർ ഭേദഗതിക്ക് തുല്യവും 375-ാം നമ്പർ ഭേദഗതി 374-ാം നമ്പർ ഭേദഗതിക്ക് തുല്യവും 376-ാം നമ്പർ ഭേദഗതി 377-ാം നമ്പർ ഭേദഗതിക്ക് തുല്യവും 379 മുതൽ 382-ാം നമ്പർ ഭേദഗതി വരെ 378-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 363, 371 എന്നീ നമ്പർ ഭേദഗതികളും ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 363, 371 എന്നീ നമ്പർ ഭേദഗതികളും ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 348, 355, 373 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 350-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 356, 360 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 361-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 374, 377 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 378-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

Minister for Revenue and Housing (Shri K. Rajan): Sir, I move the following amendment as official amendment.

464. After section 50A (3) proposed to be inserted in the principal Act by Clause 9, the following explanation shall be inserted, namely:-
" Explanation:- For the purpose of this section defaulter includes legal heirs also."

Shri V. K. Prasanth: Sir, I move the following amendment.

385. In section 50 A(1) proposed to be inserted in the principal Act by Clause 9, after the word " defaulter" , the words " or his/her/their legal heirs" shall be added wherever it occurs.

Shri Roji M. John: Sir, I move the following amendment.

390. In section 50 A(1) proposed to be inserted in the principal Act by Clause 9, for the figure " 5" , the figure " 7" shall be substituted, wherever it occurs.

Shri Sajeev Joseph: Sir, I move the following amendments.

392. In section 50 A(1) proposed to be inserted in the principal Act by Clause 9, for the figure " 5" , the figure " 9" shall be substituted, wherever it occurs.

406. In section 50A(2) proposed to be inserted in the principal Act by Clause 9, for the word " five" , the word " six" shall be substituted.

<u>Shri T. Siddique</u>: Sir, I move the following amendment.

394. In section 50A(1) proposed to be inserted in the principal Act by Clause 9, for the figure " 5" , the figure " 10" shall be substituted, wherever it occurs.

<u>Shri A. P. Anil Kumar</u>: Sir, I move the following amendment.

397. In section 50A(1) proposed to be inserted in the principal Act by Clause 9, for the word " realized" , the word " realised" shall be substituted.

<u>DR. N. Jayaraj</u>: Sir, I move the following amendment.

399. In section 50A(1) proposed to be inserted in the principal Act by Clause 9, after the word and figure " section 71" , the words " of this Act" shall be inserted.

<u>Smt. Santhakumari K.</u>: Sir, I move the following amendment.

403. Section 50A(2) proposed to be inserted in the principal Act by Clause 9 shall be deleted.

Shri K. Babu (Thripoonithura): Sir, I move the following amendment.

410. In section 50A(2) proposed to be inserted in the principal Act by Clause 9, for the word " five" , the word " nine" shall be substituted.

Shri Thiruvanchoor Radhakrishnan: Sir, I move the following amendment.

411. In section 50A(2) proposed to be inserted in the principal Act by Clause 9, for the word " five" , the word " ten" shall be substituted.

Shri Sunny Joseph: Sir, I move the following amendment.

416. In section 50A(3) proposed to be inserted in the principal Act by Clause 9, for the word " five" , the word " six" shall be substituted.

Shri Anwar Sadath: Sir, I move the following amendment.

417. In section 50A(3) proposed to be inserted in the principal Act by Clause 9, for the word " five" , the word " seven" shall be substituted.

Shri P. C. Vishnunadh: Sir, I move the following amendment.

418. In section 50A(3) proposed to be inserted in the principal Act by Clause 9, for the word " five" , the word " eight" shall be substituted.

ഇതിൽ വ്യക്തമാക്കാനുള്ള കാര്യം, അഞ്ച് വർഷത്തിനുള്ളിൽ തുക അടച്ച് ' bought-in land' തിരികെ വാങ്ങാൻ കുടിശ്ശികക്കാരന് ചിലപ്പോൾ കഴിഞ്ഞുവെന്ന് വരില്ല. അതുകൊണ്ടാണ് അഞ്ച് വർഷമെന്നത് എട്ട് വർഷമാക്കണമെന്ന് ആവശ്യപ്പെടുന്നത്.

Shri T. J. Vinod: Sir, I move the following amendment.

421. In section 50A proposed to be inserted in the principal Act by Clause 9, insert the following sub-section namely:
" (4) If a defaulter in case of any property held by the Government or Institutions notified under section 71 as bought-in-land dies within five years, the property shall be returned to his/her legal heirs in compliance with the other provisions of this Act."

മി. സ്പീക്കർ: 393-ാം നമ്പർ ഭേദഗതി 392-ാം നമ്പർ ഭേദഗതിക്ക് തുല്യവും 398-ാം നമ്പർ ഭേദഗതി 397-ാം നമ്പർ ഭേദഗതിക്ക് തുല്യവും 404,

405 എന്നീ നമ്പർ ഭേദഗതികൾ 406-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 464-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 397-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 399-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 464-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 397-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 399-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 385-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 392, 406 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 394-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 403-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 410-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 411-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 416-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 417-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പത്താം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനൊന്നാം വകുപ്പ്</u>

<u>DR. N. Jayaraj</u>: Sir, I move the following amendment.

424. In section 57(2) proposed to be substituted in the principal Act by Clause 11, after the brackets and figure " (1)" the words and figure " of section 56 of this Act" shall be inserted.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 424-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 424-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

Shri T. Siddique: Sir, I move the following amendment.

426. In the principal Act after section 69(1), the following proviso shall be added.
" Provided that, small farmers holding up to 1 acre in rural areas and 50 cents in urban areas shall be exempted from confiscation process for arrears of up to 5 lakhs" .

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 426-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

Shri Kurukkoli Moideen: Sir, I move the following amendment.

432. In section 74(b) proposed to be amended in the principal Act by Clause 13(ii), after the words and symbol " by e-mail" , the words " or by SMS" shall be inserted.

മി. സ്പീക്കർ: 433 മുതൽ 436-ാം നമ്പർ ഭേദഗതി വരെ 432-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 432-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

Minister for Revenue and Housing (Shri. K. Rajan): Sir, I move the following amendment as official amendment.

465. In section 83A proposed to be inserted in the principal Act by Clause 14, for the words " Workmen Compensation Act' the words " Employee's Compensation Act" shall be substituted.

DR. N. Jayaraj: Sir, I move the following amendments.

446. In section 83A proposed to be inserted in the principal Act by Clause 14, for the word " Workmen" , the word and symbol " Workmen' s" shall be substituted.

447. In section 83A proposed to be inserted in the principal Act by Clause 14, after the words " gratuity benefits" , the symbol " ," shall be inserted.

453. In section 83C proposed to be inserted in the principal Act by Clause 14, after the figure " 71" , the words " of this Act" shall be inserted.

Shri T. V. Ibrahim: Sir, I move the following amendment.

448. In section 83B proposed to be inserted in the principal Act by Clause 14, for the word “ notified” , the word “ issued” shall be substituted.

Shri Roji M. John: Sir, I move the following amendment.

454. In section 83C proposed to be inserted in the principal Act by Clause 14, the words “ The settlement entered into between the defaulter and the requisition authority after initiation of revenue recovery proceedings shall be done under the prior intimation of the Collector or authorised officer concerned” shall be deleted.

മി. സ്പീക്കർ: 449 മുതൽ 452-ാം നമ്പർ ഭേദഗതി വരെ 448-ാം നമ്പർ ഭേദഗതിക്ക് തുല്യവും 455-ാം നമ്പർ ഭേദഗതി 454-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 465-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 453-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 465-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 453-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 446, 447 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 448-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 454-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri N. A. Nellikkunnu: Sir, I move the following amendments.

106. In the Long Title, the word " further" shall be deleted.

123. Clause 1(2) shall be recast as follows:-
" (2) It shall come into force on the day of notification in the Gazette."

Shri U. A. Lathif: Sir, I move the following amendment.

114. In the Preamble, for the words " purposes hereinafter appearing" the words " following purposes" shall be substituted.

മി. സ്പീക്കർ: 107 മുതൽ 109-ാം നമ്പർ ഭേദഗതി വരെ 106-ാം നമ്പർ ഭേദഗതിക്ക് തുല്യവും 115 മുതൽ 117-ാം നമ്പർ ഭേദഗതി വരെ 114-ാം നമ്പർ ഭേദഗതിക്ക് തുല്യവും 120 മുതൽ 122-ാം നമ്പർ ഭേദഗതി വരെ 123-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 106, 123 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും 2024 ജൂലൈ 9 ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂലൈ മാസം 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.18-ന് പിരിഞ്ഞു.)

**************